തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

തദ്ദേശകം

ആഗസ്റ്റ് 2026 പുസ്തകം 2 ലക്കം 8

ജനകീയാസൂത്രണം പുതു പാതകളിലേക്ക്



കേരള സർക്കാർ

LSGD

അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പ് എന്നും ജനങ്ങൾക്കൊപ്പം...

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അഴിമതി / കൈക്കൂലി സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക്

807 806 60 60

എന്ന വാട്സ്ആപ്പ് നമ്പറിൽ അറിയിക്കാം.

തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരള സർക്കാർ

തദ്ദേശകം

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

ആഗസ്റ്റ് 2026 പുസ്തകം 2 ലക്കം 8

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
കെ എം ഷാജി
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

കൺവീനർ
ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

അംഗങ്ങൾ
അപൂർവ്വ ത്രിപാഠി ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)

സുഫിയൻ അഹമ്മദ് ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)

എൻ ദേവിദാസ് ഐ.എ.എസ്
ഡയറക്ടർ, കില

ചീഫ് ടൗൺ പ്ലാനർ

സന്ദീപ്. കെ.ജി
ചീഫ് എൻജിനീയർ

എം.പി. അജിത്കുമാർ
അഡീഷണൽ ഡയറക്ടർ

പ്രസിഡന്റ്,
ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്
അസോസിയേഷൻ

ചെയർപേഴ്സൺ,
ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

ചെയർമാൻ,
ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

പ്രസിഡന്റ്,
മേയേർസ് കൗൺസിൽ

സെക്രട്ടറി,
പ്രസ് ക്ലബ്, തിരുവനന്തപുരം

എഡിറ്റർ
ദീപ. കെ.
ചീഫ് ഓഫീസർ,
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

അസിസ്റ്റന്റ് എഡിറ്റർ
ദിനിൽ. ആർ
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്
ആദർശ് പി. നായർ

സർക്കുലേഷൻ മാനേജർ
പ്രശാന്ത് ആർ.
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

കവർ & ലേ-ഔട്ട്
ദീപക് മൗത്താട്ടിൽ

ഓഫീസ്
എൽ.എസ്.ജി.ഡി. ഇൻഫർമേഷൻ ബ്യൂറോ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

എഡിറ്റോറിയൽ

ജലബജറ്റിന്റെ ആവശ്യകത

കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കേരളവും അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. ജൂൺ മുതൽ സെപ്തംബർ വരെ ലഭിക്കേണ്ട മഴയുടെ അളവ് താരതമ്യേന കുറഞ്ഞു. മഴപെയ്ത്തിന്റെ സ്വഭാവം തന്നെ മാറിയിരിക്കുന്നു. ആഴ്ചകളും മാസങ്ങളും നീണ്ടു നിൽക്കുന്ന ചാറ്റൽ മഴയും ഇടയ്ക്ക് ലഭിച്ചിരുന്ന കനത്ത മഴയുമായി കൃത്യമായ കാലാവസ്ഥയും അതുവഴി നല്ല ജലസമ്പത്തും ഉണ്ടായിരുന്ന കേരളത്തിൽ ഇപ്പോൾ മഴ വല്ലപ്പോഴും ദിവസങ്ങളിൽ ഒന്നോ രണ്ടോ മണിക്കൂറിൽ കനത്ത് പെയ്ത് അപ്രത്യക്ഷമാവുന്നു. മഴയില്ലാത്ത ദിവസങ്ങളുടെ ഇടവേളകൾ കൂടി. വളരെ ചുരുങ്ങിയ സമയത്തിൽ കനത്ത മഴ പെയ്യുമ്പോൾ അത് ഉൾക്കൊള്ളാനാകാതെ പ്രളയവും ഉരുൾപൊട്ടലുകളും ഉണ്ടാവുന്ന സാഹചര്യം കേരളത്തിൽ വർദ്ധിച്ചു വരുന്നു. തുടർന്ന് മഴ ഒട്ടും ഇല്ലാതാവുമ്പോൾ വരൾച്ചയും വ്യാപകമാവുന്നു.

ഈ സാഹചര്യത്തെ മറി കടക്കാൻ തദ്ദേശസ്ഥാപനങ്ങൾ ജലബജറ്റ് തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ ലക്കത്തിൽ ചർച്ച ചെയുന്നത്. ലഭിക്കുന്ന മഴയുടെയും ഒഴുകുന്ന വെള്ളത്തിന്റെയും ഭൂഗർഭ ജലത്തിന്റെയും കൃത്യമായ കണക്കുകളെടുത്ത് ഈ ജലബജറ്റിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയ ഇടപെടലുകൾ ഉണ്ടായാൽ മാത്രമേ കേരളത്തെ പാരിസ്ഥിതിക ആഘാതത്തിൽ നിന്നും രക്ഷപ്പെടുത്താനാവൂ. തദ്ദേശസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ മുൻകയ്യെടുക്കേണ്ടതുണ്ട് .

കേരളത്തിന്റെ വികസനത്തിൽ പ്രധാന പങ്കു വഹിച്ച ജനകീയാസൂത്രണത്തിന്റെ ഭാവി എങ്ങനെയായിരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ. എം ഷാജി വിശദമാക്കുന്ന ലേഖനവും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്ക് അനുസരിച്ച് പദ്ധതികൾ രൂപീകരിക്കുന്നതിൽ ജെൻസികളെയും ഭാഗമാക്കണം. ജനകീയാസൂത്രണം എങ്ങനെ യുവതയ്ക്ക് മുന്നിൽ അവതരിപ്പിക്കാമെന്ന് ആലോചിക്കണം. ഞങ്ങൾ എന്തിന് ഇതിൽ പങ്കാളികളാകണം എന്ന് ജെൻസിയും ജെൻ ആൽഫയും ചോദിക്കുമ്പോൾ അത് കൃത്യമായി വിശദീകരിക്കാനുള്ള ബാധ്യത തദ്ദേശസ്ഥാപനങ്ങൾക്കുണ്ടാകണമെന്ന് മന്ത്രി അദ്ദേഹത്തിന്റെ ലേഖനത്തിൽ പറയുന്നുണ്ട്. ജനകീയാസൂത്രണം യുവതയിലേക്ക് എത്തിക്കുന്നതോടൊപ്പം നാടിന്റെ ഭാവി രൂപപ്പെടുത്തുന്ന പ്രാദേശികമായ സ്റ്റാർട്ടപ്പുകൾ ആരംഭിച്ച് സ്വയം വരുമാനം കണ്ടെത്താനും തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയണം.

കുടുംബശ്രീയുടെ പുതിയ പദ്ധതികൾ ., ഓണക്കാലത്ത് ജനങ്ങളെ ചേർത്തു പിടിച്ച് തദ്ദേശസ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ തുടങ്ങിയവയും ഈ ലക്കത്തിൽ വായിക്കാം.

നവ ആശയങ്ങളിലൂടെ ശക്തിപ്പെടുകയാണ് കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ

ദീപ കെ.
എഡിറ്റർ

ഉള്ളടക്കം

06
ജനകീയാസൂത്രണം ജെൻ സിയെ വിശ്വാസത്തിലെടുക്കണം
കെ.എം.ഷാജി, തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി

10
വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കുമിടയിൽ കേരളത്തിന്റെ പാരിസ്ഥിതിക ഭാവി

20
കൂട്ടായ്മയുടെ നിറപ്പൊലിമയിൽ തദ്ദേശീയ ഓണാഘോഷം

24
കുടുംബശ്രീ പെൺകരുത്തിന്റെ കേരള മാതൃക

32
കർഷകർക്ക് കരുതലായ് ആനക്കല്ല് ഫാർമേഴ്സ് സൊസൈറ്റി

34
മാതൃകയായി കരീപ്ര ജലസേചന പദ്ധതി



തദ്ദേശകം മാസികയിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനങ്ങൾ, വികസനവാർത്തകൾ, റിപ്പോർട്ടുകൾ, കത്തുകൾ എന്നിവ ribkerala@gmail.com ൽ അയയ്ക്കുക

36
ഗ്രാമസഭയെ ജനകീയോത്സവമാക്കിയ
ചെമ്പിലോടിന് ദേശീയ അംഗീകാരം

38
കോഡൂരിന്റെ 'മോണിംഗ് ലാബ്'
ഗ്രാമീണ ആരോഗ്യമേഖലയിൽ മാറ്റത്തിന്റെ
വഴിതുറക്കുന്നു

40
കമ്മ്യൂണിറ്റി ഡിജിറ്റൽ
ലേണിംഗ് സ്പേസ് (CDLS)

43
ലഹരിക്കെതിരെ ജനകീയ പ്രതിരോധം:
എക്സൈസ്-തദ്ദേശ വകുപ്പുകളുടെ
സംയുക്ത മുന്നേറ്റം





ജനകീയാസൂത്രണം ജെൻ സിയെ വിശ്വാസത്തിലെടുക്കണം

കെ.എം.ഷാജി, തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി

(ജനകീയാസൂത്രണത്തിന്റെ 30-ാം വാർഷികത്തോടനുബന്ധിച്ച് 2026 ആഗസ്റ്റ് 16-ന് തിരുവനന്തപുരം കോട്ടൺഹിൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ജനകീയാസൂത്രണ പ്രവർത്തകരുടെ സംഗമത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്)

കേരളത്തിന്റെ വികസനചരിത്രത്തിൽ ക്രിയാത്മകമായ മുന്നേറ്റം സാധ്യമാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ മുപ്പതാം വാർഷികത്തിലാണ് നമ്മൾ. പേര് പോലെ തന്നെ ജനകീയമായ ഈ പദ്ധതിയെ ഒരു കേരള മോഡൽ ആയി ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ നമുക്ക് അഭിമാനമുണ്ട്. അധികാരവും പണവും ഭരണനിർവഹണവും സാധാരണ ജനങ്ങളുടെ കൈകളിലേക്ക് നേരിട്ടെത്തിക്കാൻ നാം നടത്തിയ പരീക്ഷണമായ ജനകീയാസൂത്രണത്തിന്റെ ചരിത്രവഴികളും നേട്ടങ്ങളും വർത്തമാനകാല വെല്ലുവിളികളും വരുംകാല സാധ്യതകളും ചർച്ച ചെയ്യുമ്പോൾ ചിലപ്പോൾ വിട്ടുപോകാനിടയുള്ള ചില വസ്തുതകൾ പറയാൻ കൂടി ഈ അവസരം ഉപയോഗിക്കുകയാണ്. ഈ ആശയത്തിന് നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രത്തോളം പഴക്കമുണ്ട് എന്ന കാര്യം വിസ്മരിക്കാനാവില്ല. പ്രാദേശിക സ്വയംഭരണം എന്ന ചിന്ത പെട്ടെന്ന് ഉണ്ടായ ഒന്നല്ല. മഹാത്മാഗാന്ധിയുടെ 'ഗ്രാമസ്വരാജ്' എന്ന ദർശനത്തിലാണ് ഇതിന്റെ അടിത്തറ. ഗ്രാമങ്ങൾ സ്വന്തം കാര്യങ്ങളിൽ സ്വയം



തീരുമാനമെടുക്കുകയും വികസനത്തിൽ ജനങ്ങൾ നേരിട്ട് പങ്കാളികളാകുകയും വേണമെന്നതായിരുന്നു ഗാന്ധിജിയുടെ സ്വപ്നം.

ഗ്രാമസ്വരാജ് എന്ന ആശയത്തെ കുറച്ചുകൂടി പ്രായോഗിക തലത്തിൽ എത്തിക്കാൻ നമ്മുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ശ്രമിച്ചു. അന്നുതന്നെ ഇതിന് ഭരണപരമായ രൂപം നൽകാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. അങ്ങനെയാണ് ബൽവന്ത് റായ് മേത്ത കമ്മിറ്റി ഗ്രാമം, ബ്ലോക്ക്, ജില്ല എന്നിങ്ങനെ ത്രിതല പഞ്ചായത്ത് സംവിധാനമെന്ന ശുപാർശ മുന്നോട്ടുവെച്ചത്. പിന്നീട് രാജീവ് ഗാന്ധി പ്രധാന മന്ത്രിയായപ്പോൾ ഈ ആശയം ലോക്സഭയിൽ ഔദ്യോഗികമായി എത്തി. പഞ്ചായത്ത് രാജ് ബില്ലിലൂടെ ഇതിന് ഭരണഘടനാപദവി നൽകാനുള്ള ശ്രമം രാജ്യസഭയിൽ പാസാകാതെ പോയി. പിന്നീട് പി.വി. നരസിംഹറാവു സർക്കാരിന്റെ കാലത്ത് 73, 74-ാം ഭരണഘടനാ ഭേദഗതികളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരമാണ് നമ്മുടെ പ്രാദേശിക വികസനത്തെ കൂടുതൽ സമ്പന്നവും ജനകീയവുമാക്കിയത്. സാമൂഹ്യനീതിയിലും സാംസ്കാരിക നവോത്ഥാനത്തിലും രാജ്യം ഏറ്റെടുക്കുന്ന ഏതൊരു മാറ്റത്തെയും കലവറയില്ലാതെ സ്വീകരിക്കുന്ന കേരളം അന്ന് ഈ സംവിധാനത്തെ ഉപയോഗപ്പെടുത്തുകയായിരുന്നു.

രാജ്യത്ത് ഈ ചർച്ചകൾ നടക്കുന്ന കാലത്തുതന്നെ കേരളത്തിലും ഈ ആശയം ചർച്ച ചെയ്യപ്പെട്ടിരുന്നു. കേരളത്തിന്റെ ആദ്യത്തെ പഞ്ചായത്ത് വകുപ്പ് മന്ത്രി എം.പി.എം. അഹമ്മദ് കുരിക്കളാണ് സഭയിൽ ഈ ചർച്ചയ്ക്ക് നേതൃത്വം നൽകുന്നത്. പ്ലാനിംഗ് ബോർഡും ജനകീയാസൂത്രണവും വരുന്നതിനും പതിറ്റാണ്ടുകൾക്ക് മുൻപാണത്.

"ഭരണം ജനങ്ങളിലേക്ക്" എന്ന വികേന്ദ്രീകരണ ആശയം നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും പഞ്ചായത്തുകളെ ഭരണത്തിന്റെ പ്രാഥമിക ഘടകമായി അംഗീകരിപ്പിക്കാനും അഹമ്മദ് കുരിക്കൾക്ക് കഴിഞ്ഞു. സഭയിൽ അദ്ദേഹം ഈ കാര്യം ഉന്നയിച്ചു കൊണ്ട് ചോദിച്ചത്, "സെക്രട്ടേറിയറ്റിലെ കസേരകളിൽ ഇരുന്നുകൊണ്ട് നമ്മളെങ്ങനെയാണ് ഗ്രാമങ്ങളുടെ ആവശ്യങ്ങൾ ആസൂത്രണം ചെയ്യുക" എന്നായിരുന്നു.

കേന്ദ്രം പഞ്ചായത്ത് രാജ്, നഗരപാലിക ഭരണഘടനാ ഭേദഗതികൾ പാസാക്കിയപ്പോൾ, അന്നത്തെ ഗവൺമെന്റിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സി.ടി. അഹമ്മദ് അലി സാഹിബാണ് ചരിത്രപ്രധാനമായ 'കേരള പഞ്ചായത്ത് രാജ് നിയമം' പാസാക്കുന്നതിന് നേതൃത്വം നൽകിയത്. ഈ നിയമമാണ് കേരളത്തിലെ തദ്ദേശഭരണ സംവിധാനത്തിന് നിയമപരമായ അടിത്തറ സൃഷ്ടിച്ചത്. തുടർന്ന് ഇ.എം.എസ്. ചെയർമാനായുള്ള ഉന്നതതല മാർഗനിർദ്ദേശ സമിതിയുടെ നേതൃത്വത്തിൽ ജനകീയാസൂത്രണം മുന്നോട്ടുപോയി. ഈ വികസന പരീക്ഷണത്തെ മുന്നണി വ്യത്യാസമില്ലാതെ പിന്നീടുള്ള സർക്കാരുകളും ഏറ്റെടുക്കാൻ സന്നദ്ധമായി. സാക്ഷരത, കുടുംബശ്രീ എന്നിവയെല്ലാം ഇതുപോലെ തുടർന്നുവന്ന സർക്കാരുകൾ ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോയി.

ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന ഐക്യ ജനാധിപത്യ മുന്നണി സർക്കാർ കുടുംബശ്രീക്ക് നൽകിയ പിന്തുണ വലുതാണ്. അന്നത്തെ തദ്ദേശ വകുപ്പ് മന്ത്രിമാരായ ഡോ. എം.കെ. മുനീറും ചേർക്കളം അബ്ദുള്ളയും ആ പ്രസ്ഥാനത്തിന് കൂടുതൽ അധികാരങ്ങൾ നൽകുകയാണ് ചെയ്തത്.

നമ്മുടെ പ്രാദേശിക ഗവൺമെന്റിന്റെ ശാക്തീകരണത്തിലും അതിനെ സഹായിക്കാനുള്ള ഉയർന്ന ചിന്തകളിലും വിലപ്പെട്ട സേവനങ്ങൾ അർപ്പിച്ച കുട്ടി അഹമ്മദ് കുട്ടി സാഹിബിനെ ഓർക്കാതെ നമുക്ക് ജനകീയാസൂത്രണത്തിന്റെ ചരിത്രം പറയാനാവില്ല.

ജനകീയാസൂത്രണത്തിന്റെ മുപ്പതു വർഷത്തെ ചരിത്രം പറയുമ്പോൾ നാം സ്വയംവിമർശനാത്മകമായി കൂടി കാര്യങ്ങളെ കാണേണ്ടതുണ്ട്. തുടക്കത്തിലെ രാഷ്ട്രീയേതരമായ നിലപാടുകൾക്ക് പിന്നീട് മാറ്റമുണ്ടായി എന്ന ആശങ്ക ഇവിടെ പങ്കുവെക്കട്ടെ. കഴിഞ്ഞ ഒരു ദശകമായി ഉയർന്നുവരുന്ന പ്രധാന പ്രശ്നം അധികാര കേന്ദ്രീകരണമാണ്. സംസ്ഥാന തലത്തിൽ മിഷനുകൾ വഴി പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കപ്പെടുമ്പോൾ തദ്ദേശ സ്ഥാപനങ്ങളുടെയും ഗ്രാമസഭകളുടെയും ആസൂത്രണ സ്വാതന്ത്ര്യവും പ്രാദേശിക മുൻഗണന നിശ്ചയിക്കാനുള്ള അധികാരവും കവരുകയാണോ എന്ന ചോദ്യമുണ്ട്.

ഇവിടെ കൂടിയിരിക്കുന്ന നിങ്ങൾ എല്ലാവരും വലിയൊരു വികസന പരീക്ഷണത്തെ ഏറ്റെടുത്തവരാണ്. അതിനായി സമയവും സമ്പത്തും സമർപ്പിച്ചവരാണ്. ഒരു ഗ്രാമപഞ്ചായത്ത് മെമ്പർ എന്ന നിലയ്ക്കും അൽപ്പകാലം പ്രസിഡന്റായും ഞാനും ആ സംഘത്തിൽ ഉണ്ടായിരുന്നു എന്ന കാര്യം അഭിമാനപൂർവം ഓർക്കുന്നു. തുടർന്നും നാം നാടിന്റെ വികസനസ്വപ്നങ്ങൾ നെയ്യുന്നവരായി ഒരുമിച്ചു നിൽക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുപ്പത് വർഷങ്ങൾക്ക് മുൻപ് ചെയ്ത കാര്യങ്ങൾ ഇപ്പോൾ അതേപോലെ നമുക്ക് ആവർത്തിക്കാൻ ആവില്ലല്ലോ. വലിയ മാറ്റമാണ് സാങ്കേതികമായി വരാൻ പോകുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കടന്നുവന്ന കാലമാണ്. എ.ഐ. ആണ് ലോകത്തെ നിയന്ത്രിക്കുന്നത്.

മുപ്പത് വർഷങ്ങൾക്ക് മുൻപ് ചെയ്ത കാര്യങ്ങൾ ഇപ്പോൾ അതേപോലെ നമുക്ക് ആവർത്തിക്കാൻ ആവില്ലല്ലോ. വലിയ മാറ്റമാണ് സാങ്കേതികമായി വരാൻ പോകുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കടന്നുവന്ന കാലമാണ്. എ.ഐ. ആണ് ലോകത്തെ നിയന്ത്രിക്കുന്നത്.



എ.ഐ.യെ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഒരാളാണ് ഇലോൺ മസ്ക് (Elon Musk). അദ്ദേഹം 'ദ ഇക്കണോമിസ്റ്റിന്' നൽകിയ അഭിമുഖത്തിൽ പറയുന്ന ചില കാര്യങ്ങൾ ശ്രദ്ധേയമാണ്.

എ.ഐ.യും ഹ്യൂമനോയ്ഡ് റോബോട്ടുകളും വരും വർഷങ്ങളിൽ വളരെ വേഗത്തിൽ വികസിക്കാൻ സാധ്യതയുണ്ടത്രേ. അവ മനുഷ്യർക്ക് ആവശ്യമുള്ള ഭക്ഷണം, വീട്, ഗതാഗതം, വിനോദം തുടങ്ങിയവ വളരെ വലിയ തോതിൽ ഉൽപ്പാദിപ്പിക്കും. ഇപ്പോൾ നമുക്ക് പണം വേണ്ടത് ഈ കാര്യങ്ങൾ വാങ്ങാൻ വേണ്ടിയാണ്. അവ അമിതമായി ലഭ്യമാകുകയും വില കുറയുകയും ചെയ്താൽ, പണത്തിന് അർത്ഥം നഷ്ടപ്പെടും എന്നൊക്കെ പറഞ്ഞുകൊണ്ട് മസ്ക് ചോദിക്കുന്നത് ഇങ്ങനെയാണ്: "നിങ്ങൾക്ക് പണം വേണ്ടത് ഭക്ഷണം, വീട്, യാത്ര, വിനോദം എന്നിവയ്ക്ക് വേണ്ടിയാണ്. റോബോട്ടുകളും എ.ഐ.യും അത് മനുഷ്യർക്ക് ഉപയോഗിക്കാൻ കഴിയുന്നതിലും കൂടുതൽ ഉൽപ്പാദിപ്പിക്കുകയാണെങ്കിൽ, പണം എന്തിന്?" ജോലി ഓപ്ഷണൽ ആകും. മിക്ക ജോലികളും യന്ത്രങ്ങൾ ചെയ്യും.

യൂണിവേഴ്സൽ ഹൈ ഇൻകം (Universal High Income - വെറും Basic Income അല്ല) എന്ന ആശയവും ഈ അഭിമുഖത്തിൽ ചർച്ച ചെയ്യുന്നുണ്ട്. 'ഇൻഫ്ലേഷൻ അല്ല, ഡിഫ്ലേഷൻ' ആണ് പ്രശ്നമാകുക. കാരണം ഉൽപ്പാദനം പണത്തിന്റെ വിതരണത്തേക്കാൾ വേഗത്തിൽ വർധിക്കും. ചുരുക്കത്തിൽ, എ.ഐ.യും റോബോട്ടുകളും മനുഷ്യർക്ക് ആവശ്യമായ എല്ലാം അമിതമായി ഉണ്ടാക്കിയാൽ, പണം ഒരു 'അപൂർവതയുടെ അളവുകോലായി' നിൽക്കേണ്ടി വരില്ല. അപ്പോൾ പണത്തിന്റെ പ്രാധാന്യം കുറയും. ഇത് ഇപ്പോൾ ഒരു പ്രവചനം മാത്രമായി നമുക്ക് കാണാം. സാമ്പത്തിക വിദഗ്ധർ ഇതിനെ എതിർക്കുന്നുമുണ്ട്. നമ്മൾ വിശ്വസിച്ചാലും ഇല്ലെങ്കിലും, നമ്മുടെ വികസന കാഴ്ചപ്പാട് ഇനി നമ്മുടെ ചിന്തകളിൽ മാത്രം പരിമിതപ്പെടുത്തേണ്ടതില്ല എന്ന സൂചന ഇതിലുണ്ട്.

ഡാറ്റ കൈയിൽ ഉണ്ടെങ്കിൽ പ്ലാനിങ് എളുപ്പമാണ്. കോർപറേറ്റുകൾ ചെയ്യുന്നത് അതാണല്ലോ – ഡാറ്റ ശേഖരിക്കുക. പത്ത് വർഷത്തിന് ശേഷം നടക്കേണ്ട കച്ചവടത്തിന് ഇപ്പോൾ പ്ലാൻ തയ്യാറാക്കുക. അവർ അത് ചെയ്യുമ്പോൾ എതിർപ്പുകൾ ഉണ്ടാവാം.

ഒരു സർക്കാർ ചെയ്യുമ്പോൾ അതിൽ ധാർമിക തയും മൂല്യങ്ങളും ഉണ്ടാവും. നമുക്ക് സ്വാർഥതാൽപ രൃങ്ങൾ ഇല്ലാതിരുന്നാൽ മതി.

ലോകത്ത് പല രാജ്യങ്ങളും ഭരണപരമായ ആവശ്യങ്ങൾക്ക് എ.ഐ. സാങ്കേതികവിദ്യ ഉപ യോഗിച്ച് തുടങ്ങിയിട്ടുണ്ട്. അതെല്ലാം ഫലം കാണുന്നുമുണ്ട്. സിംഗപ്പൂരിൽ ഡിജിറ്റൽ ടിൻ. ചൈന



യിൽ 'സിറ്റി ബ്രെയിൻ' (City Brain). യു.എ.ഇ.-യിലെ ദുബായിൽ 3D പ്രിന്റിംഗും നെക്സ്റ്റ്-ജെൻ സിറ്റി ആശയങ്ങളും. ദുബായ് ലോകത്തിലെ ആദ്യത്തെ പ്ര വർത്തനക്ഷമമായ 3D-പ്രിന്റഡ് ഓഫീസ് നിർമ്മി ച്ചിട്ടുമുണ്ട്. 'DubaiNow' ആപ്പ് വഴി നഗരത്തിലെ വിവിധ സർക്കാർ സേവനങ്ങൾ ഏകീകരിച്ചിട്ടുണ്ട്. ഇപ്പോൾ ആപ്പിന്റെ സേവനങ്ങൾ കൂടുതൽ എ.ഐ. അധിഷ്ഠി തമാക്കാനുള്ള പ്രവർത്തനങ്ങളും നടക്കുന്നു. ജപ്പാനിൽ സൊസൈറ്റി 5.0. കെട്ടിടനിർമാണ മേഖലയിലെ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും നിർമ്മാണപ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു മായി എ.ഐ.യും ഓട്ടോമേഷനും ഉൾപ്പെടെയുള്ളവ ഉപയോഗപ്പെടുത്തുന്നു. ദാഈവ ഹൗസ് (Daiwa House) പോലുള്ള മുൻനിര കമ്പനികൾ എ.ഐ. ഉപയോഗിച്ച് ചുരുങ്ങിയ സ്ഥലത്ത് പരമാവധി സൗകര്യമുള്ള വീടുകളുടെ ബ്ലൂപ്രിന്റ് തയ്യാറാക്കുന്ന സാങ്കേതിക വിദ്യകളും പരീക്ഷിക്കുന്നുണ്ട്.

ലണ്ടൻ ഡെവലപ്മെന്റ് ഡാറ്റാബേസ് (LDD) പോലുള്ള നഗരവികസന ഡാറ്റാ സംവിധാനങ്ങൾ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ നിർമ്മാണ പദ്ധതികൾ സംബന്ധിച്ച തീരുമാന ങ്ങൾക്കും ഡാറ്റ ലഭ്യമാക്കുന്നു.

നമുക്ക് ഏറ്റവും വലിയ പ്രശ്നമായ മാലിന്യസംസ് കരണത്തിന് ഒരു പദ്ധതി വേണമെങ്കിലും ലോകത്ത് ഒരുപാട് രാജ്യങ്ങൾ ഉദാഹരണമായുണ്ട്. മുപ്പത് കൊല്ലം മുമ്പ് നമ്മൾ ആലോചിച്ച് ഇറങ്ങിയത് പോലെ ഒരിക്കൽ കൂടി ഇറങ്ങണം. അത്രയ്ക്ക് ബുദ്ധിമുട്ട് ഇനിയുണ്ടാവില്ല. നമ്മുടെ 'ജെൻ സീ' കുട്ടികൾ സ്മാർട്ടാണ്. അവരുടെ ഭാഷയിൽ പൊളിയാണ്. അവരോട് ഒന്ന് പറഞ്ഞാൽ മതി, നൂറു പദ്ധതികൾ നമുക്ക് മുന്നിലെത്തും.

അടുത്ത 30 വർഷത്തേക്ക് നമുക്ക് എന്താവണം എന്ന് ആലോചിക്കാൻ കൂടിയിരിക്കാൻ ഞാനും തയ്യാറാണ്. എന്റെ മുൻഗണനകൾ ഇവയാണ്. എ.ഐ. ടെക്നോളജി ഉപയോഗപ്പെടുത്തി എങ്ങനെ നമ്മുടെ പദ്ധതികളെ / ആസൂത്രണത്തെ / ഇന്നത്തെ കാലത്തിന് അനുയോജ്യമാക്കാം? നമ്മുടെ മുന്നിലുള്ള ഏറ്റവും പ്രധാനപ്പെട്ട വിഷയം പുതിയ തലമുറയ്ക്കുള്ള അവസരങ്ങളാണ്. അത് നൽകാൻ ജനകീയാസൂത്ര ണത്തിൽ എന്തൊക്കെ ചെയ്യാൻ പറ്റും?

കേരളത്തിലെ ഓരോ പഞ്ചായത്തിനും അവരുടേ തായ സ്റ്റാർട്ടപ്പ് സാധ്യതകൾ ഉണ്ട്. ഉദാഹരണത്തിന് തിരുനെല്ലി പഞ്ചായത്തിന് ഏറ്റവും നല്ല തേൻ ഉൽപ്പാദിപ്പിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് സാധ്യതയുണ്ട്. കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് കോൾഡ് സ്റ്റോറേജ് പദ്ധതികൾ ആവാം. അങ്ങനെ ഓരോ പഞ്ചായത്തും ആലോചിച്ച് അവരുടെ സ്റ്റാർട്ടപ്പുകൾക്ക് തുടക്കമിടുക.

തദ്ദേശ സ്ഥാപനങ്ങൾക്ക് സ്വയം വരുമാനം കണ്ടെത്താനുള്ള മാർഗങ്ങൾ ഉണ്ടാക്കണം. ഓരോ തദ്ദേശസ്ഥാപനവും അവരുടെ തനത് ഫണ്ട് കണ്ടെത്താൻ മാർഗങ്ങൾ ആലോചിക്കുക. അവരുടെ പ്രത്യേകത വെച്ച് അവരത് ചെയ്യുക.

ജനകീയാസൂത്രണം എങ്ങനെ യുവതയ്ക്ക് മുന്നിൽ അവതരിപ്പിക്കണം എന്നതിനെക്കുറിച്ച് ചിന്തിക്കണം. "ഞങ്ങൾ എന്തിന് ഇതിൽ പങ്കാളി കളാകണം" എന്ന് ജെൻ സിയും (Gen Z) ജെൻ ആൽഫയും (Gen Alpha) ചോദിക്കുമ്പോൾ അതിന് കൃത്യമായ ഉത്തരം നൽകാൻ കഴിയണം. അവർ ഇന്ന് രാഷ്ട്രനിർമാണത്തിൽ പ്രധാന പങ്ക് വഹിച്ചുതുടങ്ങി യിരിക്കുന്നു. എന്നാൽ അവരുടെ ഇടപെടൽ പ്രതി സന്ധികൾ ഉണ്ടാകുമ്പോൾ മാത്രമാകരുത്. അത് ഉറപ്പുവരുത്താൻ ജനകീയാസൂത്രണം യുവതയിലേക്ക് എത്തിക്കണം.

ഷിജു ഏലിയാസ്

വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കുമിടയിൽ കേരളത്തിന്റെ പാരിസ്ഥിതിക ഭാവി



1924-ലെ മഹാപ്രളയം കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രകൃതി ദുരന്തങ്ങളിൽ ഒന്നായിരുന്നു. നദികൾ കരകവിഞ്ഞൊഴുകി. പാലങ്ങളും റോഡുകളും തകർന്നു. പതിനായിരക്കണക്കിന് വീടുകളും ലക്ഷക്കണക്കിന് ഏക്കർ കൃഷിയും നശിച്ചു. റെയിൽ ഗതാഗത സംവിധാനങ്ങൾ താറുമാറായി. പ്രളയത്തിന്റെ ശക്തിയിൽ പല നദികളുടെയും തീരങ്ങൾ ഇടിഞ്ഞു, ചില ഭാഗങ്ങളിൽ നദികൾ വഴിമാറിയൊഴുകുകയും മണൽനിക്ഷേപങ്ങൾ രൂപപ്പെടുകയും ചെയ്തു. തീരപ്രദേശങ്ങളുടെ ഭൂപ്രകൃതിയിൽ മാറ്റങ്ങൾ സംഭവിച്ചു. തലമുറകളോളം 'തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം' അതിന് മുമ്പും ശേഷവും എന്ന രീതിയിൽ ചരിത്രത്തെ അളക്കുന്ന കാലസൂചകമായി കണക്കാക്കപ്പെട്ടു. 1924-ലെ മഹാപ്രളയം കേരളത്തിന്റെ നദികളെ മാത്രമല്ല, ചരിത്രത്തെയും വഴിതിരിച്ചുവിട്ടു. ബൃഹത്തായ സമ്പത്തിനൊപ്പം,



റവന്യൂ രേഖകളും പള്ളികളിലെ 'മാമോദീസാ കണക്കുകളും' വരെ നഷ്ടപ്പെട്ടു. വ്യാപാര ബന്ധങ്ങൾ താറുമാറായി.

'തൊണ്ണൂറ്റി ഒമ്പതിലെ വെള്ളപ്പൊക്കം' പ്രകൃതിക്കു സംഭവിച്ച കൈത്തെറ്റാണ് എന്ന ധാരണ തിരുത്തിക്കൊണ്ട്, ഒരു നൂറ്റാണ്ടിനുശേഷം, 2018-ൽ കേരളം വീണ്ടും സമാനമായൊരു പ്രളയത്തിനു സാക്ഷ്യം വഹിച്ചു. അതിനുശേഷം 2019-ലും 2021-ലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിതീവ്ര മഴയും ഉരുൾപൊട്ടലുകളും ആവർത്തിച്ചു. മഴക്കാലത്ത് മലയാളി ദുരന്ത ഭീതിയിൽ കഴിയേണ്ടി വരുന്ന സാഹചര്യം രൂപപ്പെട്ടു.

ഇത് ചിത്രത്തിന്റെ ഒരു ഭാഗം മാത്രമാണ്. മഴക്കാലം കഴിഞ്ഞ് ഏതാനും മാസങ്ങൾ കഴിയുമ്പോൾ നീർത്തടങ്ങൾ വറ്റിവരളുന്നു. കിണറുകളിലെ ജലനിരപ്പ് താഴുന്നു. പല പ്പോഴും കുടിവെള്ള വിതരണം പോലും നിയന്ത്രിക്കേണ്ടിവരുന്നു. മഴയുടെ നാടായ കേരളം വേനൽക്കാലത്ത് ജലക്ഷാമത്തെക്കുറിച്ച് ആശങ്കപ്പെടുന്നു. ഒരേ വർഷം തന്നെ വെള്ളപ്പൊക്കവും വരൾച്ചയും അനുഭവിക്കുന്ന ഈ വിരോധാഭാസം ഇന്ന് കേരളത്തിന്റെ പുതിയ യാഥാർഥ്യമായി മാറിയിരിക്കുന്നു.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ലോകമെങ്ങും മഴയുടെ താളം തെറ്റിയിരിക്കുന്നു. കഴിഞ്ഞ ഏതാനും ദശകങ്ങളായി കേരളത്തിന്റെ കാലാവസ്ഥയിലും മാറ്റങ്ങൾ പ്രകടമാണ്. അതോടൊപ്പം നമ്മുടെ ഭൂവിനിയോഗ രീതികളിൽ വന്ന മാറ്റങ്ങളും തണ്ണീർത്തടങ്ങൾക്കുണ്ടായ നാശവും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കണക്കിലെടുക്കാതെയുള്ള നിർമ്മാണവും കേരളത്തിലെ കാലാവസ്ഥാ പ്രതിസന്ധിക്കും പ്രകൃതി ദുരന്തങ്ങൾക്കും ആക്കം കൂട്ടുന്നു. കാലാവസ്ഥാ വ്യതിയാനം മഴയുടെ സ്വഭാവം മാറ്റുമ്പോൾ, അശാസ്ത്രീയമായ ഭൂവിനിയോഗ രീതികൾ മഴവെള്ളത്തെ സ്വീകരിക്കാനുള്ള ഭൂമിയുടെ ശേഷി കുറച്ചിരിക്കുന്നു. രാജ്യത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ഈ ഭൂപ്രദേശം മഴക്കാലത്ത് വെള്ളപ്പൊക്കമെന്ന പോലെ, വേനൽക്കാലത്ത് ജലക്ഷാമവും അനുഭവിക്കേണ്ടിവരുന്നു.

അറബിക്കടലിൽ നിന്നെത്തുന്ന തെക്കുപടിഞ്ഞാറൻ കാലവർഷവും പശ്ചിമഘട്ടത്തിന്റെ ഭൂപ്രകൃതിയുമാണ് രാജ്യത്തെ ഏറ്റവും ഉയർന്ന മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നായി കേരളത്തെ മാറ്റുന്നത്. ദേശീയ കാലാവസ്ഥാ വകുപ്പിന്റെ ദീർഘകാല ശരാശരി കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 2,800 മുതൽ 3,000 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്നു. അതിൽ വലിയ പങ്കും ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള



തെക്കുപടിഞ്ഞാറൻ കാലവർഷത്തിലാണ് ലഭിക്കുന്നത്.

ദേശീയ കാലാവസ്ഥാ വകുപ്പ് ശേഖരിച്ച 1901 മുതലുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിൽ മഴയിൽ ഗണ്യമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ടെന്ന് കാണാം. ചില വർഷങ്ങളിൽ അസാധാരണമായി മഴ കൂടിയപ്പോൾ, ചില വർഷങ്ങൾ താരതമ്യേന വരണ്ടതായിരുന്നു. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച കേരള സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ രേഖയിലും മറ്റ് വിവിധ പഠനങ്ങളിലും കഴിഞ്ഞ നൂറ്റാണ്ടിനിടെ സംസ്ഥാനത്തിന്റെ വാർഷിക മഴയിൽ കുറവു വന്നതായി രേഖപ്പെടുത്തുന്നു. തെക്കുപടിഞ്ഞാറൻ കാലവർഷ മഴയുടെ അളവു മാത്രമെടുത്താലും നേരിയ ഇടിവ് പ്രകടമാണ്. എന്നാൽ, ഒരു കാലത്ത് ആഴ്ചകൾ കൊണ്ടോ മാസങ്ങൾ കൊണ്ടോ ലഭിച്ചിരുന്ന മഴ ഒന്നോ രണ്ടോ ദിവസങ്ങളിലോ, ചിലപ്പോൾ ഏതാനും മണിക്കൂറുകൾക്കുള്ളിലോ ലഭിക്കുന്ന രീതിയിൽ പെയ്ത്തിന്റെ സ്വഭാവം മാറിയിരിക്കുന്നു. കനത്ത മഴ കേരളത്തിന്റെ കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും ഭാഗമാണ്. ഒരു നൂറ്റാണ്ടു മുൻപ് മുതൽക്കുള്ള വിവരങ്ങൾ വച്ചു നോക്കിയാലും, കേരളം കനത്ത മഴ അനുഭവിച്ചിരുന്ന ഭൂപ്രദേശമാണ്. എന്നാൽ, കാലവർഷം ആരംഭിച്ചാൽ ആഴ്ചകളോളം നീണ്ടുനിൽക്കുന്ന ചാറ്റൽ മഴയും ശക്തമായ മഴയും ഇടവിട്ട് ലഭിക്കുന്ന കനത്ത മഴയും ചേർന്നായിരുന്നു കേരളത്തിന്റെ ജലചക്രം മുന്നോട്ടു പോയിരുന്നത്. നദികൾ ക്രമേണ നിറയുകയും കുളങ്ങളും തോടുകളും പതിയെ ജലം സംഭരിക്കുകയും മണ്ണ് മഴവെള്ളം ആഗിരണം ചെയ്യുകയും ചെയ്തിരുന്നു. ഇന്ന് ആ ക്രമം മാറിക്കൊണ്ടിരിക്കുകയാണ്. മഴയുടെ ആകെ അളവിൽ വലിയ വ്യത്യാസമില്ലെങ്കിലും മഴ പെയ്യുന്ന രീതി കൂടുതൽ അനിശ്ചിതമായിരിക്കുന്നു. ദീർഘനേരം മഴയില്ലാതെ കടന്നുപോകുന്ന ഇടവേളകൾ വർധിക്കുന്നു. അതിനുശേഷം വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ അതിശക്തമായ മഴ ലഭിക്കുന്നു.

ഈ മാറ്റം കേരളത്തിൽ മാത്രമല്ല, ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പടിഞ്ഞാറൻ തീരപ്രദേശങ്ങളിലാകെ ദൃശ്യമാണ്. ദേശീയ കാലാവസ്ഥാ വകുപ്പും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റീരിയോളജിയും നടത്തിയ പഠനങ്ങൾ, മിതമായ മഴ കുറയുകയും അതിതീവ്ര മഴയുടെ ആവൃത്തി വർധിക്കുകയും ചെയ്യുന്ന പ്രവണത ചൂണ്ടിക്കാണിക്കുന്നു. IPCC-യുടെ ആറാമത് വിലയിരുത്തൽ റിപ്പോർട്ടും ഈ വസ്തുത അടിവരയിടുന്നു.

ഭൂമിയുടെ താപനില ഉയരുമ്പോൾ അന്തരീക്ഷത്തിന് കൂടുതൽ ജലബാഷ്പം ഉൾക്കൊള്ളാൻ കഴിയും. സമുദ്രങ്ങൾ, പ്രത്യേകിച്ച് ഉഷ്ണമേഖലാ സമുദ്രങ്ങൾ, കൂടുതൽ ചൂടാകുന്നതിന്റെ ഫലമായി അവയിൽ നിന്നുള്ള ബാഷ്പീകരണം വർധിക്കുകയും അന്തരീക്ഷ ഈർപ്പം ഉയരുകയും ചെയ്യുന്നു. അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ രൂപപ്പെടുമ്പോൾ ഈ അധിക ഈർപ്പം ചുരുങ്ങിയ സമയത്തിനുള്ളിൽ ശക്തമായ മഴയായി ഭൂമിയിലേക്ക് പതിക്കുന്നു. അഥവാ, ചൂടേറിയ അന്തരീക്ഷം കൂടുതൽ ജലം സംഭരിക്കുകയും പിന്നീട് അത് തീവ്ര മഴയായി പെയ്യുകയും ചെയ്യുന്നു.




> **സംസ്ഥാനത്തെ മഴയുടെ പ്രധാന പ്രഭവ കേന്ദ്രമായ അറബിക്കടൽ കഴിഞ്ഞ ഏതാനും ദശകങ്ങളായി ആഗോള ശരാശരിയേക്കാൾ വേഗത്തിൽ ചൂടുപിടിക്കുന്ന സമുദ്രപ്രദേശങ്ങളിൽ ഒന്നായി മാറിയതായി പഠനങ്ങൾ സൂചിപ്പിക്കുന്നു.**

സംസ്ഥാനത്തെ മഴയുടെ പ്രധാന പ്രഭവ കേന്ദ്രമായ അറബിക്കടൽ കഴിഞ്ഞ ഏതാനും ദശകങ്ങളായി ആഗോള ശരാശരിയേക്കാൾ വേഗത്തിൽ ചൂടുപിടിക്കുന്ന സമുദ്രപ്രദേശങ്ങളിൽ ഒന്നായി മാറിയതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇതിന്റെ ഫലമായി കൂടുതൽ ഈർപ്പം വഹിക്കുന്ന മഴമേഘങ്ങൾ രൂപപ്പെടാനുള്ള സാധ്യത വർധിക്കുന്നു. പശ്ചിമഘട്ട മലനിരകൾ ഈ ഈർപ്പമുള്ള വായുവിനെ ഉയർത്തുകയും ചില പ്രദേശങ്ങളിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ അതിശക്തമായ മഴ ലഭിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നു. മഴയുടെ ഇടവേളകൾ നീളുകയും മഴ ലഭിക്കുമ്പോൾ അത് വളരെ ശക്തമാകുകയും ചെയ്യുന്നു.

ഒരുകാലത്ത് അപൂർവമായി മാത്രം സംഭവിച്ചിരുന്ന അതിതീവ്ര മഴ ഇന്ന് കൂടുതൽ ആവർത്തിക്കുന്ന പ്രതിഭാസമായി മാറിയിരിക്കുന്നു. എല്ലാ മഴയും ദുരന്തമാകുന്നില്ല. എന്നാൽ ദുരന്തമാകാനുള്ള സാധ്യത മുമ്പത്തേക്കാൾ കൂടുതലാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും വ്യക്തമായ പ്രാദേശിക പ്രതിഫലനങ്ങളിൽ ഒന്നായി ഈ മാറ്റത്തെ കാണാം. 2018-നുശേഷം കേരളത്തിൽ ആവർത്തിക്കുന്ന അതിതീവ്ര മഴയും അതിന്റെ ഫലമായ മലവെള്ളപ്പാച്ചിലുകളും ഉരുൾപൊട്ടലുകളും ഇങ്ങനെയാണ് സംഭവിക്കുന്നത്. ഇതിന്റെ പ്രത്യാഘാതം കൃഷി മുതൽ ജലവിഭവ പരിപാലനം വരെ സമ്പദ്‌വ്യവസ്ഥയുടെയും ജീവിതത്തിന്റെയും എല്ലാ മേഖലകളെയും സ്പർശിക്കുന്നു. വിത്തിറക്കേണ്ട ഉചിതമായ സമയം അനിശ്ചിതമായി മാറുന്നു. ജലസംഭരണികൾ നിയന്ത്രിക്കുന്നത് കൂടുതൽ പ്രയാസകരമാകുന്നു. നിർഗമന സംവിധാനങ്ങൾക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ വലിയ അളവിലുള്ള വെള്ളം ഉൾക്കൊള്ളാൻ കഴിയാതെ നഗരങ്ങൾ വെള്ളത്തിൽ മുങ്ങുന്നു.

എന്നാൽ, ഒരേ അളവിലുള്ള മഴ ഇന്ന് മുമ്പത്തേതിനേക്കാൾ വലിയ നാശനഷ്ടങ്ങൾക്ക് ഇടയാക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യത്തിന്റെ ഉത്തരം മഴയുടെ അളവുമായി മാത്രം ബന്ധപ്പെട്ടതല്ല. കേരളത്തിന്റെ ഭൂപ്രകൃതിയിലും ഭൂവിനിയോഗത്തിലും കഴിഞ്ഞ ഏതാനും ദശകങ്ങളിലുണ്ടായ മാറ്റങ്ങളാണ് അതിന് ഉത്തരം നൽകുന്നത്. മഴവെള്ളത്തെ ഭൂമി എങ്ങനെ സ്വീകരിക്കുന്നു എന്നത് വെള്ളപ്പൊക്കത്തിന്റെ വ്യാപ്തിയും നാശനഷ്ടങ്ങളും നിർണയിക്കുന്ന പ്രധാന ഘടകമാണ്. ഒരു കാലത്ത് കേരളത്തിന്റെ ഭൂപ്രകൃതി മഴയെ സ്വീകരിക്കാനും സംഭരിക്കാനും

ക്രമേണ പുറത്തേക്ക് ഒഴുക്കിവിടാനുമുള്ള സ്വാഭാവിക സംവിധാനങ്ങളാൽ സമ്പന്നമായിരുന്നു. പശ്ചിമഘട്ട വനങ്ങൾ, മലഞ്ചെരിവുകളിലെ സസ്യാവരണം, വിശാലമായ പാടശേഖരങ്ങൾ, തണ്ണീർത്തടങ്ങൾ, കായലുകൾ, കുളങ്ങൾ, തോടുകൾ, നദീതടങ്ങൾ എന്നിവ മഴവെള്ളത്തെ നിയന്ത്രിക്കുന്ന പരസ്പരം ബന്ധിപ്പിക്കപ്പെട്ട ഒരു പ്രകൃതിദത്ത ശൃംഖല രൂപപ്പെടുത്തി. മഴവെള്ളം നേരിട്ട് നദിയിലേക്ക് ഒഴുകിപ്പോകുകയായിരുന്നില്ല; അതിന്റെ വലിയൊരു ഭാഗം മണ്ണിലേക്ക് ഊർന്നിറങ്ങുകയും തണ്ണീർത്തടങ്ങളിൽ തങ്ങിനിൽക്കുകയും പിന്നീട് ക്രമേണ നദികളിലേക്കും ഭൂഗർഭജല ശേഖരത്തിലേക്കും എത്തുകയും ചെയ്തിരുന്നു. കഴിഞ്ഞ ഏതാനും ദശകങ്ങളിൽ ഈ സ്വാഭാവിക വ്യവസ്ഥയിൽ വലിയ മാറ്റങ്ങളാണ് സംഭവിച്ചത്. നഗരങ്ങൾ വ്യാപിച്ചു. തണ്ണീർത്തടങ്ങൾ നികത്തപ്പെട്ടു. മഴവെള്ളം സ്വാഭാവികമായി ഒഴുകിയിരുന്ന തോടുകളും



ചെറുനീരൊഴുക്കുകളും പല സ്ഥലങ്ങളിലും അപ്രത്യക്ഷമായി. പാടശേഖരങ്ങൾ നികന്നു; അവിടെ കെട്ടിടസമുച്ചയങ്ങളും പാർപ്പിടങ്ങളും ഉയർന്നു. റോഡുകളും പാർക്കിങ് സ്ഥലങ്ങളും കെട്ടിടങ്ങളും കോൺക്രീറ്റ് പ്രതലങ്ങളും വർധിച്ചതോടെ മഴവെള്ളം മണ്ണിലേക്ക് ഇറങ്ങാനുള്ള ഇടം ചുരുങ്ങി. ഭൂമി കോൺക്രീറ്റും ടാറും മൂടിയപ്പോൾ മണ്ണിലേക്ക് ഇറങ്ങുന്ന വെള്ളത്തിന്റെ അളവ് കുറയുകയും ഉപരിതലത്തിലൂടെ അതിവേഗം ഒഴുകുന്ന വെള്ളത്തിന്റെ അളവ് വർധിക്കുകയും ചെയ്തു. തണ്ണീർത്തടങ്ങളുടെ പുനരുദ്ധാരണം, പാടശേഖരങ്ങളുടെ സംരക്ഷണം, വാട്ടർഷെഡ് വികസനം, മഴവെള്ള സംഭരണം, ഭൂഗർഭജല പുനർനിറവ്, പ്രകൃതിദത്ത നീരൊഴുക്കുകളുടെ സംരക്ഷണം എന്നിവയിലൂടെ ജലസുരക്ഷയും തീവ്രമഴയുടെ സാഹചര്യങ്ങളിലെ സ്വാഭാവിക ജലനിർഗമനവും ഉറപ്പാക്കുന്നതിന് നടത്തിയ ശ്രമങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ ഫലപ്രദമായില്ല.

ഭൂമിയുടെ കിടപ്പും ഭൗമോപരിതലത്തിലെ സ്വാഭാവിക ജലപ്രവാഹത്തിന്റെ ഗതിയും അതിന്റെ കേന്ദ്രീകരണവും കണക്കിലെടുക്കാതെയുള്ള നിർമാണ പ്രവൃത്തികൾ ഈ വൻതോതിലുള്ള നീരൊഴുക്ക് മന്ദഗതിയിലാക്കുന്ന പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങുന്നു. മഴയുടെ അളവ് മാറാതെ തന്നെ വെള്ളപ്പൊക്കത്തിന്റെ തീവ്രത വർധിക്കുന്നു. കേരളത്തിലെ പല നഗരങ്ങളിലും സമീപകാലത്ത് അനുഭവപ്പെടുന്ന നഗരവെള്ളപ്പൊക്കങ്ങൾ ഇതിന്റെ ഏറ്റവും വ്യക്തമായ ഉദാഹരണമാണ്. മണിക്കൂറുകൾ മാത്രം നീണ്ടുനിൽക്കുന്ന ശക്തമായ മഴ പോലും പ്രധാന റോഡുകളും പാർപ്പിട പ്രദേശങ്ങളും വെള്ളത്തിനടിയിലാക്കുന്ന സാഹചര്യം പതിവാകുന്നു. മുമ്പ് കൃഷിയിടങ്ങളായിരുന്ന സ്ഥലങ്ങളിൽ ഇന്ന് കെട്ടിടങ്ങളും വാണിജ്യസമുച്ചയങ്ങളും ഉയർന്നിട്ടുണ്ട്. ഒരുകാലത്ത് അധികജലം സംഭരിച്ചിരുന്ന തണ്ണീർത്തടങ്ങൾ ഇല്ലാതായപ്പോൾ മഴവെള്ളത്തിന് പോകാൻ ഇടമില്ലാതാകുന്നു.

മലയോര പ്രദേശങ്ങളിലും സമാനമായ മാറ്റങ്ങൾ കാണാം. മലഞ്ചെരിവുകളിലെ ഭൂവിനിയോഗ വ്യതിയാനങ്ങൾ, റോഡ് നിർമ്മാണം, ഖനന പ്രവർത്തനങ്ങൾ, സ്വാഭാവിക നീരൊഴുക്കുകളിലെ ഇടപെടൽ എന്നിവ അതിതീവ്ര മഴയുടെ ആഘാതം വർധിപ്പിക്കുമെന്ന് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. എല്ലാ ഉരുൾപൊട്ടലുകൾക്കു പിന്നിലും ഒരേ കാരണമല്ല; എന്നാൽ, ഭൂപ്രകൃതിയിലുള്ള മനുഷ്യ ഇടപെടലുകൾ ചില പ്രദേശങ്ങളെ കൂടുതൽ ദുർബലമാക്കുന്നുവെന്നത് ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ട കാര്യമാണ്. നദി കരകവിഞ്ഞൊഴുകുമ്പോൾ അധികജലത്തിന് താൽക്കാലികമായി വ്യാപിക്കാനുള്ള സ്വാഭാവിക ഇടങ്ങളായ പ്രളയസമതലങ്ങളിൽ വലിയൊരു ഭാഗം ഇന്ന് പാർപ്പിടങ്ങൾക്കും മറ്റ് വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കപ്പെടുന്നു. അതിന്റെ ഫലമായി മുമ്പ് പരന്നൊഴുകിയിരുന്ന വെള്ളം ജനവാസ മേഖലകളിലേക്ക് കടന്നുകയറുന്നു. അതിനാൽ പ്രളയത്തിന്റെ വ്യാപ്തി മാത്രമല്ല, നാശനഷ്ടങ്ങളും വർധിക്കുന്നു. കാലാവസ്ഥാ വ്യതിയാനം അതിതീവ്ര മഴയുടെ സാധ്യത വർധിപ്പിക്കുന്നു. എന്നാൽ ആ മഴയെ വലിയ ദുരന്തമാക്കി മാറ്റുന്നത് നമ്മുടെ ഭൂവിനിയോഗ രീതികളിൽ വന്ന മാറ്റങ്ങൾക്ക് വലിയ പങ്കുണ്ട്. ഈ രണ്ട് ഘടകങ്ങളും ഒന്നിച്ചുചേരുന്നതിന്റെ ഫലമാണ് കേരളം ഇന്ന് അനുഭവിക്കുന്ന വെള്ളപ്പൊക്കങ്ങളുടെ തീവ്രത. അതുകൊണ്ടുതന്നെ, മഴയെ സ്വീകരിക്കാനുള്ള ഭൂമിയുടെ സ്വാഭാവിക ശേഷി വീണ്ടെടുക്കുക എന്നത് വെള്ളപ്പൊക്കത്തെ പ്രതിരോധിക്കാനുള്ള ദീർഘകാല പദ്ധതിയുടെ പ്രധാന ഇനമാണ്.

ഇത്രയും മഴ കിട്ടുന്ന സംസ്ഥാനത്തിന് എങ്ങനെ വെള്ളത്തിന് ക്ഷാമമുണ്ടാകുന്നു എന്ന ചോദ്യം ഈ ചിത്രത്തിന്റെ സ്വാഭാവിക മറുവശമാണ്. ഒരു പ്രദേശത്ത് മഴ പെയ്താൽ മഴവെള്ളത്തിന്റെ ഒരു ഭാഗം മരങ്ങളുടെയും സസ്യങ്ങളുടെയും ഇലകളിൽ


ഭൂഗർഭജലത്തിന്റെ
പുനസ്ഥാപനം ശരിയായ
അളവിൽ നടക്കാത്തതിനാൽ
ഉറവുകൾ വറ്റുകയും വേന
ൽക്കാലത്ത് ഈ നദികൾ
വറ്റിവരണ്ട് ഏറെക്കുറെ
നീരൊഴുക്കില്ലാത്ത
അവസ്ഥയിൽ
എത്തുകയും
ചെയ്യുന്നു.

തങ്ങുന്നു. ഒരു ഭാഗം മണ്ണിലേക്ക് ഊർന്നിറങ്ങി ഭൂഗർഭജല ശേഖരങ്ങൾ നിറയ്ക്കുന്നു. മറ്റൊരു ഭാഗം കുളങ്ങളിലും തണ്ണീർത്തടങ്ങളിലും നദികളിലും താൽക്കാലികമായി സംഭരിക്കപ്പെടുന്നു. ശേഷിക്കുന്ന വെള്ളമാണ് ഉപരിതലത്തിലൂടെ ഒഴുകി ഒടുവിൽ കടലിലെത്തുന്നത്. ഈ സന്തുലിതാവസ്ഥയാണ് ഒരു പ്രദേശത്തിന്റെ ജലസുരക്ഷയെ നിർണയിക്കുന്നത്. ഈ സന്തുലിതാവസ്ഥ തകരുന്നതാണ് കേരളത്തിലെ വെള്ളപ്പൊക്ക സാധ്യത തീവ്രമാക്കുന്നതും വേനൽക്കാലത്ത് ജല ദൗർലഭ്യത്തിന് ഇടയാക്കുന്നതും. മണ്ണിന് വെള്ളം ആഗിരണം ചെയ്യാനുള്ള സമയവും ഭൂമിയുടെ ജലസംഭരണ ശേഷിയും കുറയുന്നതോടെ മഴവെള്ളത്തിന്റെ വലിയൊരു പങ്ക് ഏതാനും മണിക്കൂറുകൾക്കുള്ളിൽ നദികളിലൂടെ കടലിലേക്ക് ഒഴുകിപ്പോകുന്നു. മഴക്കാലത്ത് ഇത് വെള്ളപ്പൊക്കത്തിന് ഇടയാക്കുകയും വേനൽക്കാലത്ത് ഇതേ പ്രക്രിയ ജലക്ഷാമമായി തിരിച്ചുവരികയും ചെയ്യുന്നു.

കേരളത്തിലെ പ്രകൃതിദത്ത ജലസംഭരണികളായിരുന്ന പാടശേഖരങ്ങളും തണ്ണീർത്തടങ്ങളും കായലുകളും കുളങ്ങളുമാണ് മഴക്കാലത്ത് അധികജലം സ്വീകരിക്കുകയും പിന്നീട് മാസങ്ങളോളം ക്രമേണ അത് പുറത്തുവിടുകയും ചെയ്തിരുന്നത്. ഇത് സമീപ പ്രദേശങ്ങളിലെ കിണറുകളിലും ഉറവകളിലും ജലനിരപ്പ് നിലനിർത്തി. ഈ സ്വാഭാവിക സംഭരണികളിൽ വലിയൊരു പങ്കും ഇല്ലാതായതോടെ മഴക്കാലത്ത് അധികജലം സംഭരിക്കാനുള്ള ഭൂമിയുടെ ശേഷിയും ഗണ്യമായി കുറഞ്ഞിരിക്കുന്നു. ഇതിന്റെ പ്രത്യാഘാതം ഭൂഗർഭജലത്തിലാണ് ഏറ്റവും വ്യക്തമായി കാണുന്നത്. മഴവെള്ളം നേരിട്ട് നദികളിലേക്കും കടലിലേക്കും ഒഴുകിപ്പോയാൽ ഭൂഗർഭജലത്തിന് ലഭിക്കേണ്ട പങ്ക് കുറയുന്നു. അതുകൊണ്ടാണ് നല്ല മഴ ലഭിച്ച വർഷങ്ങളിലും വേനൽക്കാലത്ത് പല പ്രദേശങ്ങളിലും കിണറുകൾ വറ്റുകയും കുടിവെള്ള വിതരണത്തിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരികയും ചെയ്യുന്നത്. മഴക്കാലം കഴിഞ്ഞാൽ മഴയെ ആശ്രയിക്കുന്ന ചെറുനദികളിലെ ഒഴുക്ക് സ്വാഭാവികമായി കുറയുന്നു. ഭൂഗർഭജലത്തിന്റെ പുനസ്ഥാപനം ശരിയായ അളവിൽ നടക്കാത്തതിനാൽ ഉറവുകൾ വറ്റുകയും വേനൽക്കാലത്ത് ഈ നദികൾ വറ്റിവരണ്ട് ഏറെക്കുറെ നീരൊഴുക്കില്ലാത്ത അവസ്ഥയിൽ എത്തുകയും ചെയ്യുന്നു.

മഴക്കാലത്ത് ഭൂമിക്ക് ഉൾക്കൊള്ളാൻ കഴിയാതെ ഒഴുകിപ്പോകുകയും പലപ്പോഴും പ്രളയമായി മാറുകയും ചെയ്യുന്ന വെള്ളം തന്നെയാണ് ഏതാനും മാസങ്ങൾക്കുശേഷം വേനൽക്കാലത്ത് നമുക്ക് ലഭിക്കാതെ പോകുന്നത്. സമീപകാല ജലശാസ്ത്ര പഠനങ്ങൾ മഴവെള്ളം മണ്ണിലൂടെ ഒരേപോലെ താഴേക്ക് സഞ്ചരിക്കുന്നില്ലെന്ന് വ്യക്തമാക്കുന്നു. പാറകളിലെ വിള്ളലുകൾ, കാലപ്പഴക്കത്തിൽ രൂപ



പ്പെട്ട ഈർപ്പ മേഖലകൾ, മരങ്ങളുടെ വേരുകൾ സൃഷ്ടിച്ച സുഷിരങ്ങൾ, മണ്ണിന്റെ ഘടന എന്നിവ ചേർന്നാണ് ഭൂമിക്കടിയിൽ സങ്കീർണമായ ജലപ്രവാഹ ശൃംഖലകൾ രൂപപ്പെടുന്നത്. ഈ അദൃശ്യ സഞ്ചാര പാതകളെ (subsurface flow pathways/ preferential flow pathways) കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങളുടെ അപര്യാപ്തത വികസന ആസൂത്രണത്തിലും നിർമ്മാണ അനുമതി നിയമങ്ങളിലും അതിന് വേണ്ടത്ര പ്രാധാന്യം ലഭിക്കാതെ പോകാൻ ഇടയാക്കി.

വെള്ളപ്പൊക്കമോ വരൾച്ചയോ അല്ല, ഈ രണ്ടും ഒരേ സമയം അനുഭവിക്കേണ്ടിവരുന്നതാണ് കേരളം ഇന്ന് നേരിടുന്ന ജലപ്രതിസന്ധി. മഴക്കാലത്ത് നദികൾ കരകവിഞ്ഞൊഴുകുകയും ജനവാസ മേഖലകൾ വെള്ളത്തിനടിയിലാകുകയും ചെയ്യുന്നു. എന്നാൽ, ഏതാനും മാസങ്ങൾക്കുശേഷം നദികളും തോടുകളും കിണറുകൾ പോലും വറ്റുകയും ജലക്ഷാമം ഉണ്ടാവുകയും ചെയ്യുന്നു.

കാലാവസ്ഥാ വ്യതിയാനം മഴയുടെ സ്വഭാവത്തെ മാറ്റുന്നു. ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ ആ മഴയെ ഉൾക്കൊള്ളാനുള്ള ഭൂമിയുടെ ശേഷിയെ കുറയ്ക്കുന്നു. ജലസംരക്ഷണ സംവിധാനങ്ങളുടെ അപര്യാപ്തത മഴവെള്ളത്തെ ഭൂഗർഭജലമായി മാറുന്നതിൽ നിന്ന് തടയുന്നു. ഈ മൂന്ന് ഘടകങ്ങളും ചേർന്നാണ് ഒരേ വർഷം തന്നെ സംസ്ഥാനത്ത് വെള്ളപ്പൊക്കവും വരൾച്ചയും സൃഷ്ടിക്കുന്നത്. അതുകൊണ്ടുതന്നെ വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കും രണ്ടായി പരിഹാരം കാണാനാവില്ല. രണ്ടിനുമുള്ള അടിസ്ഥാന പരിഹാരം ജലചക്രത്തെ വീണ്ടും സന്തുലിതമാക്കുക എന്നതാണ്. മഴ പെയ്യുമ്പോൾ കഴിയുന്നത്ര വെള്ളം ഭൂമിയിൽ തങ്ങണം. മണ്ണിലേക്ക് ഇറങ്ങണം. തണ്ണീർത്തടങ്ങളിലും കുളങ്ങളിലും നദികളുടെ പ്രളയ സമതലങ്ങളിലും താൽക്കാലികമായി സംഭരിക്കപ്പെടണം. അതിനായി നീർത്തടങ്ങളുടെ ജല സംഭരണശേഷി പൂർണമായി പുനസ്ഥാപിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ വികസന മുൻഗണനകളിൽ ഉൾപ്പെടുത്താൻ കഴിയണം. ഇത് പ്രാഥമികമായും അടിസ്ഥാനപരമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. കാലാവസ്ഥാ വ്യതിയാനം ആഗോള പ്രതിഭാസമാണെങ്കിലും അതിന്റെ ആഘാതങ്ങൾ അനുഭവപ്പെടുന്നത് പ്രാദേശിക തലത്തിലാണ്. അതുകൊണ്ടുതന്നെ അതിനോടുള്ള പൊരുത്തപ്പെടൽ (adaptation) പ്രാദേശികതലത്തിൽ തന്നെ ആരംഭിക്കണം.

വെള്ളപ്പൊക്കവും വരൾച്ചയും രണ്ട് വ്യത്യസ്ത പ്രതിസന്ധികളല്ല; ഒരേ ജലചക്രത്തിലെ പ്രതിസന്ധിയുടെ രണ്ട് വ്യത്യസ്ത മുഖങ്ങളാണ്. ജലസംഭരണത്തിനും ജലനിർഗമനത്തിനും തുല്യ പ്രാധാന്യം നൽകുന്ന സമഗ്ര സമീപനം ഉണ്ടായാൽ ഒരേ സമയം വെള്ളപ്പൊക്കങ്ങളും വരൾച്ചയും ഒരളവുവരെ ഇല്ലാതാക്കാൻ കഴിയും. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളുടെ (ചെറുകിട നീർത്തടങ്ങൾ, നീർച്ചാലുകൾ എന്നിവയുടെ സംരക്ഷണം, കോണ്ടൂർ ബണ്ടുകൾ, മഴവെള്ളം പിടിച്ചുനിർത്തുന്ന പരമ്പരാഗത സംവിധാനങ്ങൾ) പ്രാധാന്യം ശരിയായി അംഗീകരിക്കുന്ന ഒരു വികസന സമീപനം കരുപ്പിടിപ്പിക്കാൻ കഴിയണം. ഓരോ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും സ്വന്തം പ്രദേശത്തിന്റെ ജലബജറ്റ് തയ്യാറാക്കണം. എത്ര മഴ ലഭിക്കുന്നു, എത്ര വെള്ളം ഉപരിതലത്തിലൂടെ ഒഴുകിപ്പോകുന്നു, എത്ര വെള്ളം ഭൂഗർഭജലമായി മാറുന്നു, എത്രയാണ് ഉപയോഗിക്കപ്പെടുന്നത് എന്നീ



ചോദ്യങ്ങൾക്ക് കണക്കുകളുടെ അടിസ്ഥാനത്തിൽ ഉത്തരങ്ങൾ കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയ ഇടപെടലുകൾ നടത്താതെ ഭാവിയിലെ ജലസുരക്ഷ ഉറപ്പാക്കാനാവില്ല. ഓരോ തദ്ദേശസ്ഥാപനവും സ്വന്തം പ്രദേശത്തെ തണ്ണീർത്തടങ്ങൾ, പാടശേഖരങ്ങൾ, ചെറുതോടുകൾ, കുളങ്ങൾ, പ്രകൃതിദത്ത നീരൊഴുക്കുകൾ എന്നിവയുടെ സമഗ്ര ഭൂപടം തയ്യാറാക്കി അവ സംരക്ഷിക്കുന്നതിനെ വികസന ആസൂത്രണത്തിന്റെ ഭാഗമായി കാണണം. ദീർഘകാല വികസനം സാധ്യമാകണമെങ്കിൽ പരിസ്ഥിതി സംരക്ഷണം അതിന്റെ അനിവാര്യമായ അടിത്തറയാണെന്ന തിരിച്ചറിവോടെ വേണം പദ്ധതി രൂപീകരണം നടത്താൻ.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ലോകമെമ്പാടും നഗരാസൂത്രണത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മാറിക്കൊണ്ടിരിക്കുകയാണ്. മഴവെള്ളത്തെ എത്രയും വേഗം നഗരത്തിൽ നിന്ന് പുറത്തേക്ക് ഒഴുക്കിക്കളയുക എന്ന പരമ്പരാഗത സമീപനത്തിന് പകരം, അത് കഴിയുന്നത്ര മണ്ണിലേക്ക് ഇറക്കുകയും താൽക്കാലികമായി സംഭരിക്കുകയും ഭൂഗർഭജലമായി പുനർനിറയ്ക്കുകയും ചെയ്യുന്ന സ്പോഞ്ച് സിറ്റി (Sponge City) എന്ന ആശയം സാർവ്വദേശീയ വേദികളിൽ ചർച്ച ചെയ്യപ്പെട്ടതാണ്. അമേരിക്ക (Low Impact Development), ഓസ്ട്രേലിയ (Water Sensitive Urban Design) എന്നിവിടങ്ങളിലെ പരീക്ഷണങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ഈ മാതൃകയെ ദേശീയ നയമായി സ്വീകരിച്ച (2013) ചൈന നടപ്പാക്കിയ ഇടപെടലുകൾ വെള്ളപ്പൊക്ക സാധ്യത കുറയ്ക്കുന്നതിനും ഭൂഗർഭജല വിതാനം മെച്ചപ്പെടുത്തുന്നതിനും സഹായിച്ചതായി വിവിധ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

കേരളത്തിന്റെ സാഹചര്യത്തിൽ ഈ ആശയം നഗരങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. പശ്ചിമഘട്ടം, വനങ്ങൾ, പാടശേഖരങ്ങൾ, തണ്ണീർത്തടങ്ങൾ, കുളങ്ങൾ, തോടുകൾ, നദികൾ എന്നിവയെല്ലാം ചേർന്ന ഒരു ഏകീകൃത ജലസംവിധാനമായി സംസ്ഥാനത്തെ കണ്ടുകൊണ്ടുള്ള ഒരു പാരിസ്ഥിതിക-വികസന സമീപനം കരുപ്പിടിപ്പിക്കാനുള്ള ശ്രമങ്ങൾ തൊഴിലുറപ്പു പദ്ധതിയുടെ തുടക്കം മുതൽ കേരളത്തിലും നടക്കുകയുണ്ടായി. ഈ ശ്രമങ്ങൾ കൂടുതൽ വ്യക്തതയോടെയും കൃത്യമായ ദിശാബോധത്തോടെയും മുന്നോട്ടു കൊണ്ടു പോകണം. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ വെള്ളപ്പൊക്കവും വരൾച്ചയും ഒരുപോലെ നേരിടാൻ കഴിയുന്ന ദീർഘകാല പരിഹാരം ഈ സമീപനത്തിൽ അടങ്ങിയിട്ടുണ്ട്.

മഴവെള്ള സംഭരണം, വാട്ടർഷെഡ് വികസനം, കുളങ്ങളുടെ പുനരുദ്ധാരണം, മഴവെള്ളം ഭൂമിയിലേക്ക് ഇറക്കാനുള്ള സംവിധാനങ്ങൾ, തണ്ണീർത്തടങ്ങളുടെ സംരക്ഷണം എന്നിവയെ ഒറ്റപ്പെട്ട പദ്ധതികളായല്ല, ഏകീകൃത ജലപരിപാലന തന്ത്രമായാണ് കാണേണ്ടത്. ദുരന്തനിവാരണത്തെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കാണണം. ദുരന്തം സംഭവിച്ചതിനുശേഷം രക്ഷാപ്രവർത്തനം നടത്തുക എന്നതിൽ നിന്ന് ദുരന്തസാധ്യത കുറയ്ക്കുക എന്നതിലേക്കാണ് ഊന്നൽ മാറേണ്ടത്. അതിനായി ജലവിഭവ പരിപാലനം, ഭൂവിനിയോഗ ആസൂത്രണം, നിർമ്മാണനിയന്ത്രണം, പരിസ്ഥിതി സംരക്ഷണം എന്നിവയെല്ലാം ഒരേ നയചട്ടക്കൂടിനുള്ളിൽ കൊണ്ടുവരണം.





കാലാവസ്ഥാ വ്യതിയാനം ആഗോള കാലാവസ്ഥാ പ്രതിസന്ധിയുടെ ഭാഗമാണ്. ഒരു സംസ്ഥാനത്തിനോ ഒരു രാജ്യത്തിനോ ഒറ്റയ്ക്ക് അതിനെ മറികടക്കാനാവില്ല. പക്ഷേ അതിന്റെ ആഘാതങ്ങൾ കുറയ്ക്കുന്നതിന് ആഗോള തലത്തിലെന്ന പോലെ, ദേശീയ തലത്തിലും പ്രാദേശിക തലത്തിലും ഇടപെടലുകൾ സാധ്യമാണ്. മഴയെ ഒരു ദുരന്തമായി കാണാതെ, മഴവെള്ളത്തെ ശാസ്ത്രീയമായി കൈകാര്യം ചെയ്യേണ്ട പ്രകൃതിവിഭവമായി മനസ്സിലാക്കുന്ന ഒരു വികസന സമീപനം കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾക്ക് എതിരായ പ്രതിരോധത്തിന് അനിവാര്യമാണ്.

References:

1) India Meteorological Department (IMD). Gridded Rainfall Dataset (1901-2024).
2) India Meteorological Department (IMD). Long Period Average (LPA) Rainfall.
3) India Meteorological Department (IMD). Extreme Rainfall Studies and Monsoon Reports.
4) Kerala State Planning Board. Economic Review (Climate Change Chapter).
5) Intergovernmental Panel on Climate Change (IPCC). Sixth Assessment Report (AR6), Working Group I: The Physical Science Basis.
6) Intergovernmental Panel on Climate Change (IPCC). Sixth Assessment Report (AR6), Working Group II: Impacts, Adaptation and Vulnerability.
7) Ministry of Earth Sciences (MoES). Assessment of Climate Change over the Indian Region (2020).
8) Indian Institute of Tropical Meteorology (IITM), Pune. Studies on Changing Monsoon Rainfall Patterns.
9) Institute for Climate Change Studies (ICCS), Kerala. Kerala Climate Statements.
10) Kerala State Disaster Management Authority (KSDMA). Kerala Disaster Management Plan.
11) Kerala State Action Plan on Climate Change (KSAPCC) 2.0.
12) Centre for Water Resources Development and Management (CWRDM). Watershed and Groundwater Studies.
13) Centre for Water Resources Development and Management (CWRDM). Groundwater Recharge and Watershed Management Studies.
14) Central Ground Water Board (CGWB). Dynamic Ground Water Resources of India.
15) Ministry of Jal Shakti. Master Plan for Artificial Recharge to Groundwater in India.
16) National Institute of Disaster Management (NIDM). Urban Flooding Guidelines.
17) Food and Agriculture Organization of the United Nations (FAO). The State of the World□s Land and Water Resources for Food and Agriculture (SOLAW).
18) UN-Habitat. Nature-based Solutions and Urban Water Management.
19) Ministry of Housing and Urban-Rural Development (MOHURD), China. China□s Sponge City Programme.
20) Nature Reviews Earth & Environment (2022). Articles on Sponge Cities, Urban Flood Resilience and Nature-based Solutions.
21) Science of the Total Environment (2020). Research articles on Sponge City performance and urban flood management.

കൂട്ടായ്മയുടെ നിറപ്പൊലിമയിൽ തദ്ദേശീയ ഓണാഘോഷം

ചിങ്ങമാസം പിറക്കുന്നതോടെ കേരളം പൂക്കളങ്ങളുടെയും ഓണസദ്യകളുടെയും ആഘോഷത്തിലേക്ക് കടക്കുകയായി. ഐതിഹ്യങ്ങൾക്കും സാംസ്കാരിക ഓർമ്മകൾക്കുമപ്പുറം, ഇന്നത്തെ കാലത്ത് ഓണത്തെ സമൃദ്ധവും സാമ്പത്തികമായി എല്ലാവരെയും ഉൾക്കൊള്ളുന്നതുമാക്കുന്നതിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് (LSGIs)-ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ, സംസ്ഥാനത്തിന്റെ അഭിമാനമായ കുടുംബശ്രീ ശൃംഖല-വലിയ പങ്കുണ്ട്.പ്രാദേശിക കാർഷികരംഗത്തെ ഉത്തേജിപ്പിച്ചും ജനങ്ങൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാൻ 'ഓണച്ചന്തകൾ' സംഘടിപ്പിച്ചും ഗ്രാമീണ വരുമാനം വർദ്ധിപ്പിച്ചും തദ്ദേശ സ്ഥാപനങ്ങൾ ഓണത്തെ സാമ്പത്തികമായി സ്വാശ്രയത്വമുള്ള ഒന്നാക്കി മാറ്റുന്നു.

1. **പ്രാദേശിക കൃഷിക്ക് ഉണർവ്:** തരിശുഭൂമിയിൽ നിന്ന് ഓണസദ്യയിലേക്ക്; ഓണക്കാലത്ത് പച്ചക്കറികൾക്കും പൂക്കൾക്കും വൻ ഡിമാൻഡാണ് അനുഭവപ്പെടാറുള്ളത്. മുൻകാലങ്ങളിൽ ഇതിനായി അയൽസംസ്ഥാനങ്ങളെയാണ് കേരളം പ്രധാനമായും ആശ്രയിച്ചിരുന്നത്. എന്നാൽ കൃഷിഭവനുകളുടെ സഹകരണത്തോടെ തദ്ദേശ സ്ഥാപനങ്ങൾ നടത്തിയ ഇടപെടലുകൾ കേരളത്തെ ഉൽപ്പാദനരംഗത്ത് സ്വയംപര്യാപ്തതയിലേക്ക് നയിച്ചു.



തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ	പ്രധാന ഗുണഭോക്താക്കൾ	സാമ്പത്തിക-സാമൂഹിക പ്രയോജനങ്ങൾ
ഓണക്കനി & നിറപൊലിമ	വനിതാ കർഷകർ / JLG ഗ്രൂപ്പുകൾ	തരിശുഭൂമികൾ കൃഷിയോഗ്യമാക്കുന്നു; കർഷകർക്ക് നേരിട്ട് ലാഭം ലഭിക്കുന്നു.
സി.ഡി.എസ് ഓണച്ചന്തകൾ	സംരംഭകരും പൊതുജനങ്ങളും	വിപണിയിലെ വിലക്കയറ്റം തടയുന്നു; പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് നല്ല വിപണി ലഭിക്കുന്നു.
വിത്തുവിതരണവും നഴ്സറികളും	ഗാർഹിക കർഷകർ	ഓണക്കാലത്തെ പച്ചക്കറി ചെലവുകൾ കുറയ്ക്കാൻ സഹായിക്കുന്നു.
കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ	പ്രാദേശിക കലാകാരന്മാർ	പരമ്പരാഗത കലകളെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകുകയും ചെയ്യുന്നു

'ഓണക്കനി' (തീവ്ര പച്ചക്കറി കൃഷി): പഞ്ചായത്തുകൾ ജെ.എൽ.ജി.യും (JLG) കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും ഏകോപിപ്പിച്ച് തരിശുഭൂമികളിൽ പച്ചക്കറിക്കൃഷി നടത്തുന്നു. ഏത്തക്കായ, ചേന, പാവയ്ക്ക, വെണ്ടയ്ക്ക, മത്തങ്ങ, ചീര തുടങ്ങി സദ്യയ്ക്കാവശ്യമായ പച്ചക്കറികൾ വിഷരഹിതമായി ഇവിടെ ഉൽപ്പാദിപ്പിക്കുന്നു.

'നിറപൊലിമ' (പൂകൃഷി): പൂക്കളമൊരുക്കാൻ തമിഴ്നാടിനെയും കർണാടകയെയും ആശ്രയിക്കുന്നത് കുറയ്ക്കാൻ തദ്ദേശ സ്ഥാപനങ്ങൾ പൂകൃഷി പ്രോത്സാഹിപ്പിക്കുന്നു. ചെണ്ടുമല്ലി, വാടാമല്ലി, അരളി തുടങ്ങിയവ ആയിരക്കണക്കിന് ഏക്കറുകളിലാണ് കൃഷി ചെയ്യുന്നത്.

'ഓണത്തിന് ഒരു മുറം പച്ചക്കറി': സൗജന്യ വിത്തുവിതരണവും തൈകളുടെ വിതരണവും വഴി വീട്ടുമുറ്റത്തും ടെറസിലും അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കാൻ കുടുംബങ്ങളെ പഞ്ചായത്തുകൾ പ്രോത്സാഹിപ്പിക്കുന്നു.

2.ഓണച്ചന്തകൾ: ന്യായവില വിപണികൾ വഴി ഓണക്കാലത്തെ വിലക്കയറ്റവും വിപണിയിലെ ചൂഷണവും തടയാൻ തദ്ദേശ സ്ഥാപനങ്ങൾ ഓരോ പഞ്ചായത്ത് വാർഡുകളിലും കുടുംബശ്രീ സി.ഡി.എസ് (CDS) തലത്തിലും ഓണച്ചന്തകൾ ആരംഭിക്കുന്നു.



ഓണച്ചന്തകളുടെ പ്രധാന സവിശേഷതകൾ:

ഇടനിലക്കാരെ ഒഴിവാക്കൽ: കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽക്കാനും മികച്ച ലാഭം നേടാനും സാധിക്കുന്നു. ഉപഭോക്താക്കൾക്ക്

സൗജന്യ വിത്തുവിതരണവും തൈകളുടെ വിതരണവും വഴി വീട്ടുമുറ്റത്തും ടെറസിലും അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കാൻ കുടുംബങ്ങളെ പഞ്ചായത്തുകൾ പ്രോത്സാഹിപ്പിക്കുന്നു.



ന്യായവിലയ്ക്ക് സാധനങ്ങൾ ലഭിക്കുകയും ചെയ്യുന്നു.

വിഷരഹിത ഉൽപ്പന്നങ്ങൾ: പ്രാദേശികമായി വിളവെടുത്ത ജൈവ പച്ചക്കറികൾക്കാണ് ഇത്തരം ചന്തകളിൽ മുൻഗണന

മറ്റ് ഉൽപ്പന്നങ്ങളുടെ വിതരണം: പച്ചക്കറികൾക്ക് പുറമേ കുടുംബശ്രീ ഉൽപ്പാദിപ്പിക്കുന്ന ഉപ്പേരി, ശർക്കര വരട്ടി, മസാലപ്പൊടികൾ, കൈത്തറി വസ്ത്രങ്ങൾ എന്നിവയും ഓണച്ചന്തകളിൽ ലഭ്യമാക്കുന്നു.

> **ഓണക്കാലത്ത് വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളും വാങ്ങാൻ ഓരോ കുടുംബത്തിനും കൂടുതൽ തുക ആവശ്യമായി വരുന്നു. സാധാരണക്കാരുടെ കൈകളിൽ പണമെത്തിക്കാൻ തദ്ദേശ സ്ഥാപനങ്ങൾ സഹായിക്കുന്നു:**

3.സാമ്പത്തിക ഭദ്രതയും വരുമാന വർദ്ധനവും

ഓണക്കാലത്ത് വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളും വാങ്ങാൻ ഓരോ കുടുംബത്തിനും കൂടുതൽ തുക ആവശ്യമായി വരുന്നു. സാധാരണക്കാരുടെ കൈകളിൽ പണമെത്തിക്കാൻ തദ്ദേശ സ്ഥാപനങ്ങൾ സഹായിക്കുന്നു:

സൂക്ഷ്മ സംരംഭങ്ങളുടെ വരുമാനം: കുടുംബശ്രീ സംരംഭകരും കാർഷിക കൂട്ടായ്മകളും ഓണച്ചന്തകളിലൂടെ കോടിക്കണക്കിന് രൂപയുടെ വിറ്റുവരവാണ് നേടുന്നത്.

തൊഴിലുറപ്പ് പദ്ധതിയും ബോണസും: ഗ്രാമീണ മേഖലയിൽ തൊഴിലുറപ്പ് ജോലികൾ ഏകോപിപ്പിക്കുന്നത് തദ്ദേശ സ്ഥാപനങ്ങളാണ്. വർഷത്തിൽ 100 ദിവസം പൂർത്തിയാക്കിയ തൊഴിലുറപ്പ് തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഓണം ഉത്സവബത്ത തടസ്സമില്ലാതെ ലഭ്യമാക്കാൻ തദ്ദേശ സ്ഥാപനങ്ങൾ മുൻകൈയെടുക്കുന്നു.

ക്ഷേമ പെൻഷൻ വിതരണം: വയോധികർക്കും പാവപ്പെട്ടവർക്കുമുള്ള സാമൂഹ്യക്ഷേമ പെൻഷനുകൾ

ഓണത്തിന് തൊട്ടുമുമ്പ് വീടുകളിലെത്തിക്കുന്നു.

4. കൂട്ടായ്മയുടെയും സൗഹാർദ്ദത്തിന്റെയും അന്തരീക്ഷം

സാമ്പത്തിക വളർച്ചയ്ക്ക് പുറമേ, ഓണാഘോഷങ്ങളുടെ സാംസ്കാരിക കേന്ദ്രം കൂടിയാണ് തദ്ദേശ സ്ഥാപനങ്ങൾ. വാർഡ് തലത്തിൽ പൂക്കള മത്സരങ്ങൾ, നാടൻ കായിക മത്സരങ്ങൾ (വടംവലി, കുറ്റിയും കോലും തുടങ്ങിയവ), സാംസ്കാരിക പരിപാടികൾ എന്നിവ പഞ്ചായത്തുകൾ സംഘടിപ്പിക്കുന്നു. ജാതിമത ഭേദമന്യേ എല്ലാവരെയും ഒന്നിച്ചിരുത്തിക്കൊണ്ട് ഓണത്തിന്റെ സമത്വ സുന്ദരമായ ആശയം അടിത്തട്ടിൽ നിലനിർത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ പങ്കാണ് വഹിക്കുന്നത്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കാർഷിക മേഖലയുടെയും കുടുംബശ്രീയുടെയും കൂട്ടായ പ്രവർത്തനം ഓണത്തെ ഗ്രാമീണ തലത്തിൽ അർത്ഥവത്താക്കുന്നു. തരിശുഭൂമികളെ വിളനിലങ്ങളാക്കിയും, ഓണച്ചന്തകളിലൂടെ വിലക്കയറ്റം നിയന്ത്രിച്ചും, ലക്ഷക്കണക്കിന് ഗ്രാമീണ സ്ത്രീകൾക്ക് സ്വയംതൊഴിൽ നൽകിയും ജനകീയ ആസൂത്രണത്തിന്റെ യഥാർത്ഥ മാതൃകയാണ് തദ്ദേശ സ്ഥാപനങ്ങൾ കാഴ്ചവയ്ക്കുന്നത്.

> **ഗ്രാമീണ മേഖലയിൽ തൊഴിലുറപ്പ് (MGNREGS) ജോലികൾ ഏകോപിപ്പിക്കുന്നത് തദ്ദേശ സ്ഥാപനങ്ങളാണ്. വർഷത്തിൽ 100 ദിവസം പൂർത്തിയാക്കിയ തൊഴിലുറപ്പ് തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഓണം ഉത്സവബത്ത തടസ്സമില്ലാതെ ലഭ്യമാക്കാൻ തദ്ദേശ സ്ഥാപനങ്ങൾ മുൻകൈയെടുക്കുന്നു.**



ആശ എസ്. പണിക്കർ

എഡിറ്റോറിയൽ അസിസ്റ്റൻറ്
പബ്ലിക് റിലേഷൻസ്
കുടുംബശ്രീ



കുടുംബശ്രീ
പെൺകരുത്തിന്റെ കേരള മാതൃക

ദാരിദ്ര്യ നിർമാർജനമെന്ന വലിയ ലക്ഷ്യത്തിനായി രൂപം കൊള്ളുകയും സ്ത്രീശാക്തീകരണത്തിന്റെ ആഗോളമാതൃകയായി വളരുകയും ചെയ്ത ജനകീയ വികസന പ്രസ്ഥാനമാണ് കുടുംബശ്രീ. കാൽ നൂറ്റാണ്ട് പിന്നിട്ട യാത്രയിൽ കേരളത്തിലെ ലക്ഷക്കണക്കിന് സാധാരണക്കാരായ സ്ത്രീകളുടെ ജീവിതത്തിന് പുതിയ ദിശയും ആത്മവിശ്വാസവും സ്വത്വവും പകർന്ന ഈ പ്രസ്ഥാനം ഇന്ന് സമൂഹത്തിന്റെ സാമ്പത്തിക, സാംസ്കാരിക, ജനാധിപത്യ വികസന ത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുകയാണ്.

ദാരിദ്ര്യ നിർമാർജനം എന്ന അടിസ്ഥാന ലക്ഷ്യത്തിൽ നിന്നാരംഭിച്ച കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ഇന്ന് സംരംഭകത്വ വികസനം, സുസ്ഥിര ഉപജീവനം, സാമ്പത്തിക സ്വയംപര്യാപ്തത, പ്രാദേശിക സാമ്പത്തിക വികസനം, സാമൂഹിക നീതി, ജനകീയ ഭരണ പങ്കാളിത്തം എന്നീ മേഖലക ളിലാകെ വളർന്നിട്ടുണ്ട്. ഒരു ക്ഷേമപദ്ധതിയുടെ പരിമിതികൾക്കപ്പുറം ജനപങ്കാളിത്തത്തിലൂന്നിയ വികസന മാതൃകയായി കുടുംബശ്രീ ഇന്ന് ദേശീയ അന്തർദേശീയതലങ്ങളിൽ അംഗീകാരം നേടി യിരിക്കുന്നു.



കേരളത്തിന്റെ വികസന ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ സാമൂഹിക പരിവർത്തനങ്ങളിലൊന്നാണ് കുടുംബശ്രീ സൃഷ്ടിച്ച വനിതാ മുന്നേറ്റം. ഇത് സ്ത്രീകളുടെ ജീവിതത്തിൽ മാത്രം ഒതുങ്ങിയ മാറ്റമല്ല; സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക ജനാധിപത്യ വികസനത്തിന് പുതിയ അടിത്തറ പാകിയ ജനകീയ പ്രസ്ഥാനത്തിന്റെ വിജയകഥ കൂടിയാണ്. ദാരിദ്ര്യ നിർമാർജനത്തെ സ്ത്രീശാക്തീകരണവുമായി സമന്വയിപ്പിച്ചു കൊണ്ട് പ്രാദേശിക വികസനത്തിന് പുതിയ മാതൃക രൂപപ്പെടുത്താൻ കുടുംബശ്രീക്ക് കഴിഞ്ഞു എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ സവിശേഷത.

ഈ സർക്കാർ അധികാരമേറ്റ ശേഷം കുടുംബശ്രീ സംവിധാനത്തെ ഒന്നാകെ ചലനാത്മകമാക്കുന്നതിനും കാലോചിതമായി നവീകരിക്കുന്നതിനും പുതുതലമുറയെ കൂടി ഉൾക്കൊള്ളാൻ കഴിയുന്ന വിധം നൂതന ആശയങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്നതിനും പ്രത്യേക പരിഗണനയാണ് നൽകുന്നത്. ഇതിന്റെ ഭാഗമായി ത്രിതല സംഘടനാ ശാക്തീകരണം, സാമൂഹ്യ വികസനം, കാർഷിക-മൃഗസംരക്ഷണ- സൂക്ഷ്മ സംരംഭ മേഖല, തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ എന്നീ മേഖലകളിലെല്ലാം ശാസ്ത്രീയവും ആധുനികവുമായ കാഴ്ചപ്പാടുകളിൽ ഊന്നിയ കർമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണ്.

സംഘടനയിൽ നിന്ന് സാമൂഹിക ശക്തിയിലേക്ക്

കാൽ നൂറ്റാണ്ടിന്റെ പ്രവർത്തന പാരമ്പര്യം പിന്നിട്ട കുടുംബശ്രീയുടെ കരുത്തിന്റെ അടിസ്ഥാനം അതിന്റെ ത്രിതല സംഘടനാ സംവിധാനമാണ്. കമ്മ്യൂണിറ്റി ഡെവലപ്മെൻറ് സൊസൈറ്റി(സി.ഡി.എസ്)കൾ, ഏരിയ ഡെവലപ്മെൻറ് സൊസൈറ്റി (എ.ഡി.എസ്)കൾ, അയൽക്കൂട്ടങ്ങൾ എന്നിവ ഉൾപ്പെടുന്ന ത്രിതല സംഘടനാ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും കാലഘട്ടത്തിന്റെ മാറ്റങ്ങളും സ്പന്ദനങ്ങളും ഉൾക്കൊള്ളുന്ന വിധം പരിഷ്ക്കരിക്കുന്നതിനുമായി നിരന്തരം വൈവിധ്യമാർന്ന പരിശീലന പരിപാടികളും ക്യാമ്പയിൻ പ്രവർത്തനങ്ങളും കുടുംബശ്രീ സംഘടിപ്പിക്കുന്നു. കുടുംബശ്രീയുടെ അടിസ്ഥാന ശിലകളായ മൂന്നു ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളുടേതായി ഇന്ന് സംസ്ഥാനത്തെ വിവിധ ബാങ്കുകളിൽ ഉള്ളത് 11955.38 കോടി രൂപയുടെ നിക്ഷേപമാണ് എന്നത് അഭിമാനകരമായ നേട്ടമാണ്.

സി.ഡി.എസുകളുടെ പ്രവർത്തന സംവിധാനങ്ങളിൽ കാര്യക്ഷമതയും സമ്പൂർണ ഗുണമേൻമയും ഉറപ്പു വരുത്തിക്കൊണ്ട് അയൽക്കൂട്ട അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കിയതു വഴി സംസ്ഥാനത്ത് 784 സി.ഡി.എസുകൾക്കാണ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചത്. അയൽക്കൂട്ട ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്കായി സംഘടിപ്പിക്കുന്ന വിവിധ പരിശീലനങ്ങൾ അവരുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ മുന്നേറ്റത്തിനും ഏറെ സഹായകമാകുന്നു.

സി.ഡി.എസുകളുടെ പ്രവർത്തന സംവിധാനങ്ങളിൽ കാര്യക്ഷമതയും സമ്പൂർണ ഗുണമേൻമയും ഉറപ്പു വരുത്തിക്കൊണ്ട് അയൽക്കൂട്ട അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കിയതു വഴി സംസ്ഥാനത്ത് 784 സി.ഡി.എസുകൾക്കാണ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചത്.

സ്ത്രീശാക്തീകരണത്തിന്റെ പൂർണത സാമ്പത്തിക സ്വയംപര്യാപ്തതയാണെന്ന തിരിച്ചറിവോടെ സ്ത്രീകൾക്ക് സ്ഥിരതയാർന്ന തൊഴിലും മെച്ചപ്പെട്ട വരുമാനവും ഉറപ്പാക്കുന്ന ഉപജീവന പദ്ധതി പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ മുന്തിയ പരിഗണനയാണ് നൽകുന്നത്. ഭാവനാപൂർണമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതോടൊപ്പം അവ നടപ്പാക്കുന്നതിനാവശ്യമായ സാമ്പത്തിക പിന്തുണ നൽകുന്നതിലും സമയബന്ധിതമായി നടപ്പാക്കുന്നതിലും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനും സർക്കാർ പ്രത്യേക ശ്രദ്ധയും മുൻഗണനയും നൽകുന്നു.

വരുമാനദായക പദ്ധതികളുടെ മികവാർന്ന നടത്തിപ്പ്

സ്ത്രീകൾക്ക് സുസ്ഥിര തൊഴിലും വരുമാനവും

കാർഷിക മൃഗസംരക്ഷണ സൂക്ഷ്മസംരംഭ മേഖലകളിൽ നടപ്പാക്കുന്ന വിവിധ വരുമാനദായക പദ്ധതി പ്രവർത്തനങ്ങളിലൂടെ ഉൽപാദന സേവന വ്യാപാര മേഖലകളിലെല്ലാം കുടുംബശ്രീ വനിതകളുടെ സജീവ പങ്കാളിത്തം ഇന്ന് എവിടെയും കാണാനാകും. പ്രാദേശിക വിഭവങ്ങളും മനുഷ്യശേഷിയും പ്രയോജനപ്പെടുത്തി സൃഷ്ടിച്ച ഈ ഇടപെടലുകൾ പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ചലനാത്മകമാക്കുന്നതിനും സ്ത്രീകളുടെ വരുമാനം വർധിപ്പിക്കുന്നതിനും ഏറെ സഹായകമായ ഘടകങ്ങളാണ്. സംസ്ഥാനത്തെ ലക്ഷക്കണക്കിന് കുടുംബശ്രീ അംഗങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആത്മാർത്ഥവും കൂട്ടായ പ്രവർത്തനവുമാണ് ഈ മുന്നേറ്റത്തിന്റെ അടിത്തറ. ദാരിദ്ര്യ നിർമാർജനം എന്ന ലക്ഷ്യത്തെ കേവലം ക്ഷേമപ്രവർത്തനങ്ങളുടെ പരിധിയിൽ ഒതുക്കാതെ സ്ഥിരതയാർന്ന ഉപജീവന മാർഗങ്ങൾ സൃഷ്ടിച്ചും സാമൂഹിക സുരക്ഷ ഉറപ്പാക്കിയും ജീവിത നിലവാരം മെച്ചപ്പെടുത്തിയും കൂടുതൽ ഊർജ്ജസ്വലതയോടും ദീർഘവീക്ഷണത്തോടും കൂടി മുന്നോട്ടു കൊണ്ടു പോകുന്നതിനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഉപജീവന സാമൂഹ്യ വികസന രംഗത്ത് നടപ്പാക്കുന്ന പദ്ധതികളും തദ്ദേശ സ്ഥാപനങ്ങളുടെ പിന്തുണയും ഭരണനേതൃത്വത്തിന്റെ ക്രിയാത്മകമായ ഇടപെടലുകളും അതിന് കരുത്തു പകരുന്നു.



> ഉപജീവന സാമൂഹ്യ വികസന രംഗത്ത് നടപ്പാക്കുന്ന പദ്ധതികളും തദ്ദേശ സ്ഥാപനങ്ങളുടെ പിന്തുണയും ഭരണനേതൃത്വത്തിന്റെ ക്രിയാത്മകമായ ഇടപെടലുകളും അതിന് കരുത്തു പകരുന്നു.

വനിതാ സംരംഭകത്വം

തൊഴിലും വരുമാനവും ഒപ്പം ആത്മവിശ്വാസവും

സാമ്പത്തിക ശാക്തീകരണത്തിന് കരുത്തു പകരുന്നതാണ് സൂക്ഷ്മസംരഭ മേഖലയിൽ നടപ്പാക്കുന്ന വിവിധ വരുമാനദായക പദ്ധതികൾ. ഇത് സംരംഭകർക്ക് സുസ്ഥിര തൊഴിലും വരുമാന ലഭ്യതയും ഉറപ്പു വരുത്തുന്നു. പരമ്പരാഗത രീതിയിലുള്ള ഭക്ഷ്യോൽപന്നങ്ങൾ നിർമിക്കുന്ന സംരംഭങ്ങൾക്ക് പുറമേ അങ്കണവാടികളിലെ കുഞ്ഞുങ്ങൾക്ക് നൽകുന്ന പൂരകപോഷകാഹാരം അമൃതം ന്യൂട്രിമിക്സ്, ഉപഭോക്താക്കൾക്ക് പ്രീമിയം സൗകര്യങ്ങളോടെ രുചികരമായ ഭക്ഷ്യവിഭവങ്ങൾ ആസ്വദിക്കാൻ അവസരമൊരുക്കുന്ന പ്രീമിയം കഫേ റെസ്റ്റോറൻറ്, വിദ്യാർത്ഥികൾക്ക് ആവശ്യമായ ലഘുഭക്ഷണങ്ങളും പാനീയങ്ങളും ലഭ്യമാക്കുന്നതിനായി വിദ്യാലയങ്ങളിൽ ആരംഭിച്ച മാ കെയർ, അജൈവ മാലിന്യ ശേഖരണത്തിനായി രൂപീകരിച്ച ഹരിതകർമ്മ സേന, വിവിധ ഗാർഹിക പരിചരണങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന 'കെ ഫോർ കെയർ' എന്നിവയെല്ലാം സൂക്ഷ്മ സംരംഭ മേഖലയിൽ നടപ്പാക്കുന്ന ശ്രദ്ധേയമായ പദ്ധതികളാണ്. സംസ്ഥാനത്ത് നിലവിൽ 129237 സൂക്ഷ്മ

സംരംഭങ്ങളിലായി 187252 വനിതകൾ പ്രവർത്തിക്കുന്നുണ്ട്. ഉൽപാദന സേവന വ്യാപാര മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന ഈ സംരംഭങ്ങൾ വനിതാ സംരംഭകത്വ വികസനത്തിന് ശക്തമായ അടിത്തറ പാകിയിട്ടുണ്ട്. സംരംഭങ്ങളുടെ എണ്ണം വർധിപ്പിക്കുന്നതിനൊപ്പം അവയുടെ പ്രവർത്തനത്തിലെ ഗുണനിലവാരം, വരുമാന വർധനവ്, സാമ്പത്തിക സ്വയംപര്യാപ്തത എന്നിവയും ഉറപ്പാക്കുന്നു. കേരളത്തിന്റെ പൊതുഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിച്ച 'കൊച്ചി മെട്രോ', 'വാട്ടർ മെട്രോ' എന്നിവയിൽ കുടുംബശ്രീ വനിതകളാണ് ജോലി ചെയ്യുന്നത് എന്നതും ഏറെ അഭിമാനകരമാണ്. വിവിധ ഗാർഹിക പരിചരണങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന 'കെ 4 കെയർ' പദ്ധതിയിലൂടെ കെയർ എക്കണോമിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് 1250 സ്ത്രീകൾക്ക് പരിശീലനം നൽകാനും 1025 പേർക്ക് ഇതിനകം മികച്ച തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനും സാധിച്ചു. കൂടുതൽ വനിതകൾക്ക് ഈ രംഗത്ത് പരിശീലനം നൽകി വരികയാണ്.

ആമസോൺ, ഫ്ളിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ളാറ്റ്ഫോമുകളിൽ കുടുംബശ്രീ ഉൽപന്നങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഓൺലൈൻ വിപണനരംഗത്തും കുടുംബശ്രീ സജീവമാണ്. ഉൽപന്നങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കുടുംബശ്രീ 'പോക്കറ്റ്മാർട്ട്' ആപ്ളിക്കേഷനും രൂപവൽക്കരിച്ചിട്ടുണ്ട്. കൂടാതെ ദേശീയ സരസ് മേള, മാസച്ചന്തകൾ, ഓണം ക്രിസ്മസ് വിപണന മേളകൾ, അന്താരാഷ്ട്ര വ്യാപാര മേള, ഭക്ഷ്യവിപണന മേളകൾ, ഹോംഷോപ്പ് എന്നിവ വഴിയും ഉൽപന്ന വിപണനത്തിന് അവസരമൊരുക്കുന്നു.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർധിപ്പിക്കുക എന്ന വലിയ ലക്ഷ്യത്തോടെ വനിതകൾക്ക് നൈപുണ്യ പരിശീലനം നൽകി വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും

> **ആമസോൺ, ഫ്ളിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ളാറ്റ്ഫോമുകളിൽ കുടുംബശ്രീ ഉൽപന്നങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഓൺലൈൻ വിപണനരംഗത്തും കുടുംബശ്രീ സജീവമാണ്.**

പുരോഗമിക്കുകയാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിലെ വർധനവ് കേരളത്തിന്റെ സമ്പദ്ഘടനയ്ക്കും സാമൂഹിക പുരോഗതിക്കും ഗണ്യമായ കരുത്തു പകരും എന്നതു കൊണ്ടാണ് ഈ മേഖലയിൽ ശ്രദ്ധയൂന്നുന്നത്.

കൃഷിയിൽ സാങ്കേതികവിദ്യയുടെ കരുത്ത്

കാർഷിക മൃഗസംരക്ഷണ മേഖലകളിലെ പദ്ധതി നടത്തിപ്പിലും കുടുംബശ്രീ വലിയ ഉണർവ് കൈവരിച്ചിട്ടുണ്ട്. ഇൻഡ്യയിലെ പ്രശസ്ത കാർഷിക സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും നൂതന സാങ്കേതികവിദ്യകൾ സ്വീകരിച്ചു കൊണ്ട് നടപ്പാക്കുന്ന കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെൻറ് പ്രോഗ്രാമിൻറെ(കെ-ടാപ്) ഭാഗമായി നൂറ്റി എൺപതിലേറെ സാങ്കേതിക വിദ്യകളാണ് കുടുംബശ്രീ സ്വന്തമാക്കിയിട്ടുള്ളത്. ഈ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു കൊണ്ട് ഗുണനിലവാരം, ബ്രാൻഡിങ്ങ്.



പായ്ക്കിങ്ങ് എന്നിവയിലെല്ലാം പൊതുവിപണിയിൽ മറ്റ് ഉൽപന്നങ്ങൾക്കൊപ്പം കിടപിടിക്കാൻ കഴിയുന്ന വിധത്തിലുള്ള മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിൽ കുടുംബശ്രീ സംരംഭകർ സജീവമാണ്.

ഓണ വിപണി ലക്ഷ്യമിട്ടു കൊണ്ട് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ശ്രദ്ധേയമായ മറ്റു കാർഷിക പദ്ധതികളായ 'ഓണക്കനി', 'നിറപ്പൊലിമ' എന്നിവ വിജയം കൊയ്യുന്നവയായി മാറി കഴിഞ്ഞു. കർഷകർക്ക് മികച്ച ഉപജീവനമാർഗം ഒരുക്കാൻ കഴിയുന്ന ഈ പദ്ധതികളിലൂടെ കഴിഞ്ഞ വർഷം ഓണ വിപണിയിൽ നിന്നു നേടിയത് 10.3 കോടി രൂപ

> **മൃഗസംരക്ഷണ വകുപ്പ്, കെപ്കോ എന്നിവയുമായി സഹകരിച്ച് 2017 നവംബർ മുതൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതിയും ഇന്ന് പുരോഗതിയുടെ പാതയിലാണ്.**



യാണ്. അട്ടപ്പാടിയിലെ തദ്ദേശീയ മേഖലയിലെ വനിതാ കർഷകർ ഉൽപാദിപ്പിച്ച മധുരക്കിഴങ്ങിൽ നിന്നും സ്വാദിഷ്ഠമായ പൊടി, ഹെൽത്ത് മിക്സ്, സൂപ്പ്, ഗമ്മീസ്, കുൽഫി, ചിപ്സ് എന്നീ ആറ് മൂല്യവർധിത ഉൽപന്നങ്ങൾ നിർമിച്ച് വിപണിയിൽ എത്തിക്കുന്ന 'പുനർജീവന മധുരം' പദ്ധതിക്കും തുടക്കമിട്ടു. കൂടാതെ അമ്പതോളം കർഷക വനിതകൾക്ക് കാർഷിക മേഖലയിൽ നിന്നു വരുമാനം നേടാൻ കഴിയും വിധം അവർക്ക് ഡ്രോൺ പരിശീലനവും ലഭ്യമാക്കിയിട്ടുണ്ട്.

'കേരള ചിക്കൻ' പദ്ധതിയിലും മുന്നേറ്റം

മൃഗസംരക്ഷണ വകുപ്പ്, കെപ്കോ എന്നിവയുമായി സഹകരിച്ച് 2017 നവംബർ മുതൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതിയും ഇന്ന് പുരോഗതിയുടെ പാതയിലാണ്. കോഴിയിറച്ചിയുടെ അമിത വിലയ്ക്ക് പരിഹാരം കാണുക, സംശുദ്ധമായ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക, കുടുംബശ്രീ അംഗങ്ങളായ കോഴിക്കർഷകർക്ക് സ്ഥിര വരുമാനം ഉറപ്പാക്കുക, ആഭ്യന്തര വിപണിയുടെ 50 ശതമാനം ഇറച്ചിക്കോഴി സംസ്ഥാനത്ത് തന്നെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക എന്നിവയാണ് ലക്ഷ്യങ്ങൾ.

ഉൽപാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനു വേണ്ടി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ. നിലവിൽ 534 കേരള ചിക്കൻ ഫാം, 168 ഔട്ട്ലെറ്റുകൾ എന്നിവ വഴി നിലവിൽ 800 പേർക്ക് പ്രത്യക്ഷമായും 1000 പേർക്ക് പരോക്ഷമായും പദ്ധതി വഴി തൊഴിൽ ലഭ്യമാക്കാൻ കഴിയുന്നുണ്ട്. നിലവിൽ 'കുടുംബശ്രീ കേരള ചിക്കൻ' എന്ന ബ്രാൻഡിൽ കേരള ചിക്കൻ ഔട്ട്ലെറ്റുകൾ വഴിയും സൂപ്പർ മാർക്കറ്റുകൾ വഴിയും ചിക്കൻ ഉൽപന്നങ്ങളുടെ വിപണനവും ഉഷാറാണ്. പദ്ധതി വഴി നാളിതു വരെ 563 കോടി രൂപയാണ് കേരള ചിക്കന്റെ വിറ്റുവരവ്.

തിരുവനന്തപുരം ജില്ലയിൽ കഠിനംകുളത്ത് പൗൾട്രി പ്രോസസിങ്ങ് പ്ളാൻറും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കോൾഡ് സ്റ്റോറേജ് ഉൾപ്പെടെ സജ്ജമാകുന്ന പ്ളാൻറിൽ നിന്ന് സംസ്ക്കരിച്ച് ശീതീകരിച്ച കോഴിയിറച്ചിയും മൂല്യവർധിത ഉൽപന്നങ്ങളും കേരള ചിക്കൻ ഔട്ട്ലെറ്റുകൾ ഉൾപ്പെടെ പൊതുവിപണിയിലെത്തിക്കും.

കരുതലിന്റെ സാമൂഹിക ഇടപെടലുകൾ

സാമ്പത്തിക ശാക്തീകരണത്തിനൊപ്പം സാമൂഹിക വികസനത്തിനും സാമൂഹിക സുരക്ഷയ്ക്കും കുടുംബശ്രീ അതീവ പ്രാധാന്യം നൽകുന്നു. ഇതിന്റെ ഭാഗമായി അതിക്രമങ്ങൾ



> സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകൾ വഴി സ്ത്രീകളും കുട്ടികളും പുരുഷൻമാരും ഉൾപ്പെടെ ഇതുവരെ 7991 പേർക്കാണ് മാനസിക പിന്തുണയും തുടർ സേവനങ്ങളും ലഭ്യമാക്കിയത്.

നേരിടേണ്ടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അഭയകേന്ദ്രമൊരുക്കുന്നതിനായി 14 ജില്ലകളിലും 'സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്, അട്ടപ്പാടിയിലെ മിനി സ്നേഹിത എന്നിവ ഈ രംഗത്തെ ശ്രദ്ധേയ മാതൃകകളാണ്. പോലീസ് സംവിധാനവുമായി ചേർന്നുകൊണ്ട് സംസ്ഥാനത്ത് ഡി.വൈ.എസ്.പി/ എ.സി.പി ഓഫീസുകളുടെ പരിധിയിൽ വരുന്ന 84 പോലീസ് സ്റ്റേഷനുകളിൽ ആരംഭിച്ച സ്നേഹിത പോലീസ് എക്സ്റ്റൻഷൻ സെന്ററുകളാണ് മറ്റൊരു ശ്രദ്ധേയ മാതൃക. പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മാനസിക പിന്തുണയും തുടർ സേവനങ്ങളും ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പോലീസ് റഫർ ചെയ്യുന്ന പക്ഷം സമാനമായ സേവനങ്ങൾ പുരുഷൻമാർക്കും ലഭ്യമാകുന്നു. സ്നേഹിത എക്സ്റ്റൻഷൻ സെൻററുകൾ വഴി സ്ത്രീകളും കുട്ടികളും പുരുഷൻമാരും ഉൾപ്പെടെ ഇതുവരെ 7991 പേർക്കാണ് മാനസിക പിന്തുണയും തുടർ സേവനങ്ങളും ലഭ്യമാക്കിയത്.

സ്ത്രീകൾക്കും കുട്ടികൾക്കും മികച്ച പോഷകാഹാര ലഭ്യതയും ആരോഗ്യവും ശുചിത്വവും കുടിവെള്ളവും ഉറപ്പാക്കുന്നതിന് എഫ്.എൻ. എച്ച്.ഡബ്ലിയു(ഫുഡ്, ന്യൂട്രീഷൻ, ഹെൽത്ത്, വാട്ടർ ആൻഡ് സാനിട്ടേഷൻ) പദ്ധതി, 'ധീരം' പ്രതിരോധ പരിശീലന പരിപാടി എന്നിവയും സംസ്ഥാനത്ത് നടപ്പാക്കുന്നു.

കരുതലിന്റെ മാതൃകയായി ബഡ്സ് സ്ഥാപനങ്ങൾ

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും മുതിർന്നവർക്കുമായി തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് കുടുംബശ്രീ നടത്തുന്ന ബഡ്സ് സ്ഥാപനങ്ങൾ സാമൂഹിക വികസന രംഗത്ത് കുടുംബശ്രീ കാഴ്ച വയ്ക്കുന്ന ഏറ്റവും ശ്രദ്ധേയമായ പദ്ധതിയാണ്. നിലവിൽ സംസ്ഥാനമൊട്ടാകെ 187 ബഡ്സ് സ്കൂളുകളും 218 ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും ഉൾപ്പെടെ 405 ബഡ്സ് സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളിലൂടെ 153881 പരിശീലനാർത്ഥികൾക്ക് അവരുടെ ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് കുടുംബശ്രീ പിന്തുണ നൽകുന്നു.

സാമൂഹ്യ വികസന രംഗത്ത് മികച്ച സംഭാവനകൾ നൽകുന്നതിനായി കുടുംബശ്രീ മുന്നോട്ടു



വയ്ക്കുന്ന കുട്ടികളുടെ കൂട്ടായ്മയാണ് കുടുംബ ശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന 34304 ബാലസഭകൾ. നിലവിൽ 218279 ആൺകുട്ടികളും 263752 പെൺ കുട്ടികളും ഉൾപ്പെടെ 4,82,031 കുട്ടികൾ ബാലസഭയിൽ അംഗങ്ങളാണ്. കുട്ടികൾക്ക് അവരുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനും ജനാധിപത്യബോധവും സാമൂഹിക ഉത്തരവാദിത്തവും പകർന്നു നൽകുന്ന വിവിധ പരിശീലന പരിപാടികളിലൂടെ കുട്ടികളെ മികച്ച പൗരൻമാരായി വാർത്തെടുക്കുന്നതിനുള്ള വേദിയായി ഇന്ന് ബാലസഭകൾ പ്രവർത്തിക്കുന്നു.

പട്ടികവർഗമേഖലയിലും കുടുംബ ശ്രീയുടെ കരുത്തുറ്റ പ്രവർത്തനങ്ങൾ

പട്ടികവർഗ മേഖലയിലെ വനിതകളുടെ സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിനും കുടുംബശ്രീ പ്രത്യേക പ്രാധാന്യം നൽകുന്നു. അയൽക്കൂട്ട രൂപീകരണം ശക്തമാക്കുന്നതിനൊപ്പം വനിതാ സംരംഭക വികസനത്തിനായി 'കുടുംബശ്രീ ട്രൈബൽ എൻറർപ്രൈസ് ആൻഡ് ഇന്നവേഷൻ സെൻറർ അഥവാ കെ-ടിക്' പദ്ധതി വഴി വനിതകൾക്ക് സംരംഭകത്വ വികസനവും പ്രോത്സാഹനവും നൽകി വരുന്നു. വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന ബ്രിഡ്ജ് കോഴ്സാണ് മറ്റൊന്ന്. പട്ടികവർഗമേഖലയിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഊരിൽ തന്നെയുള്ള സായാഹ്ന പഠന കേന്ദ്രങ്ങൾ മുഖേന പഠന പാഠ്യേതര വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഏറ്റവും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനം എളുപ്പമാക്കുന്നതിനും കൊഴിഞ്ഞു പോക്ക് ഇല്ലാതാക്കാനും ദൈനംദിന ജീവിതത്തിലെ ആരോഗ്യ ശുചിത്വ പോഷക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ഉറപ്പു വരുത്തുന്നതിനും ഇതിലൂടെ സാധിക്കുന്നു. യുവാക്കൾക്കായി നടപ്പാക്കുന്ന യൂത്ത് ക്ലബ്ബുകളും ഇവരുടെ സാമൂഹ്യ ജീവിതത്തെ കൂടുതൽ ചലനാത്മകമാക്കുന്നു.

> ഈ മേഖലയിൽ നടപ്പാക്കുന്നതും നവീന ആശയത്തിൽ അധിഷ്ഠിതവുമായ മറ്റൊരു പദ്ധതിയാണ് 'ജനഗൽസ്'. ഗോത്രകലാകാരൻമാരിൽ നിന്നും താൽപര്യമുള്ളവരെ തിരഞ്ഞെടുത്ത് അവരുടെ കലാരൂപങ്ങളെ സംരംഭ മാതൃകയിൽ രൂപീകരിച്ചു കൊണ്ട് സുസ്ഥിര തൊഴിലും വരുമാനവും ലഭ്യമാക്കുന്ന പദ്ധതിയാണിത്.

'ജനഗൽസ്'

ഈ മേഖലയിൽ നടപ്പാക്കുന്നതും നവീന ആശയത്തിൽ അധിഷ്ഠിതവുമായ മറ്റൊരു പദ്ധതിയാണ് '**ജനഗൽസ്**'. ഗോത്രകലാകാരൻമാരിൽ നിന്നും താൽപര്യമുള്ളവരെ തിരഞ്ഞെടുത്ത് അവരുടെ കലാരൂപങ്ങളെ സംരംഭ മാതൃകയിൽ രൂപീകരിച്ചു കൊണ്ട് സുസ്ഥിര തൊഴിലും വരുമാനവും ലഭ്യമാക്കുന്ന പദ്ധതിയാണിത്. കുടുംബശ്രീ, ഇതര വകുപ്പുകൾ എന്നിവ മുഖേന സംഘടിപ്പിക്കുന്ന ക്യാമ്പയിനുകൾ, മറ്റു ബോധവൽക്കരണ പരിപാടികൾ എന്നിവയ്ക്കായി ഈ കലാരൂപങ്ങളെ പ്രയോജനപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. ഇതു കൂടാതെ കുട്ടികൾക്ക് പ്ലസ് ടു, ഡിഗ്രി കോഴ്സുകളിലേക്ക് അഡ്മിഷൻ ലഭ്യമാക്കുന്നതിനായി 'കോമ്പസ്' പദ്ധതിയും നടപ്പാക്കുന്നു.

തദ്ദേശീയ മേഖലയെ ഒരേ പോലെ കാണാതെ ഊരുകൾ, വിഭാഗങ്ങൾ, ഉൾപ്രദേശങ്ങൾ, പ്രത്യേക ശ്രദ്ധ നൽകേണ്ട മേഖലകൾ എന്നിവയുടെ അടിസ്ഥാനത്തിൽ മനസിലാക്കി ഓരോ കുടുംബങ്ങളുടെയും വികസന കാര്യത്തിൽ ആവശ്യമായ സംയോജന ഇടപെടലുകൾ മനസിലാക്കാൻ മൈക്രോ പ്ലാൻ അധിഷ്ഠിതമായ രീതി ശാസ്ത്രവും കുടുംബശ്രീ വികസിപ്പിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളിലും മുന്നേറ്റം

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലും വലിയ മുന്നേറ്റം കൈവരിച്ചു കൊണ്ടാണ് കുടുംബശ്രീയുടെ യാത്ര. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം, പ്രധാനമന്ത്രി ആവാസ് യോജന(പി.എം.എ.വൈ), ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ),ദേശീയ നഗര ഉപജീവന ദൗത്യം എന്നീ പദ്ധതികളെല്ലാം കുടുംബശ്രീയുടെ പ്രവർത്തന മികവു കൊണ്ട് ശ്രദ്ധ നേടിയ പദ്ധതികളാണ്. ഇതിൽ ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ ആദ്യഘട്ടം കുടുംബശ്രീ വിജയകരമായി പൂർത്തിയാക്കി.


പി.എം.എ.വൈ പദ്ധതിയുടെ ഭാഗമായി നഗരമേഖലയിൽ 123605 ഭവനങ്ങളുടെ നിർമാണത്തിന് കേന്ദ്രാനുമതി നേടുകയും ഇതിൽ 102870 ഭവനങ്ങളുടെ നിർമാണം പൂർത്തീകരിക്കുകയും ചെയ്തു.

ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ ആദ്യ ഘട്ട പ്രവർത്തനങ്ങളിലൂടെ 78566 വിദ്യാർത്ഥികൾക്ക് നൈപുണ്യപരിശീലനം നൽകുകയും 56665 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. ആദ്യഘട്ട പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഡി.ഡി.യു.ജികെ.വൈ 2.0 പ്രവർത്തനങ്ങൾക്കും കേന്ദ്രാനുമതി ലഭിച്ച് പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു കഴിഞ്ഞു. ഇതിന്റെ ഭാഗമായി 2027 ഡിസംബറിനുള്ളിൽ 30,272 യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും കുടുംബശ്രീ ആരംഭിച്ചു കഴിഞ്ഞു.

എൻ.യു.എൽ.എം, പി.എം.എ.വൈ, ഡി.ഡി.യു.ജി.കെ.വൈ പദ്ധതികളുടെ ഫലപ്രദവും കാര്യക്ഷമവുമായ നടത്തിപ്പിന് ദേശീയതല അംഗീകാരവും കുടുംബശ്രീ നേടിയിട്ടുണ്ട്.

ഗ്രാമീണ മേഖലയിൽ സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനത്തിന് കരുത്തു പകരുന്നതിനുമായി നടപ്പാക്കി വരുന്ന സ്റ്റാർട്ടപ് വില്ലേജ് എൻറർപ്രണർഷിപ് പ്രോഗ്രാം-പദ്ധതി വഴി ഇതുവരെ 62166 സംരംഭങ്ങളും ഈ മേഖലയിൽ രൂപീകരിച്ചു.

കുടുംബശ്രീ മാതൃക നിലവിൽ ഇരുപതോളം സംസ്ഥാനങ്ങളിൽ നടപ്പാക്കി വരികയാണ്. കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ നേതൃത്വത്തിലാണ് ഈ സംസ്ഥാനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ.



അയൽക്കൂട്ടത്തിൽ നിന്ന് പൊതുനേതൃത്വത്തിലേക്ക്

സാമൂഹിക സാമ്പത്തിക ശാക്തീകരണം മാത്രമല്ല, കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ ലഭിച്ച അറിവും നേതൃശേഷിയും കരുത്താക്കി സമൂഹത്തിൽ ദൃശ്യത കൈവരിച്ചതിനൊപ്പം അധികാര സ്ഥാനങ്ങളിലേക്കും കുടുംബശ്രീ വനിതകൾ എത്തിച്ചേർന്നിട്ടുണ്ട്. സാമ്പത്തികമായി മുന്നേറ്റം കൈവരിച്ചതിനൊപ്പം സ്ത്രീകൾക്ക് ആത്മവിശ്വാസത്തോടെ അധികാര സ്ഥാനങ്ങളിലേക്ക് കയറി ചെല്ലാൻ കഴിയും വിധം അവർക്ക് നേതൃശേഷി പകർന്നു നൽകിയതിലും കുടുംബശ്രീ വലിയ പങ്കു വഹിക്കുന്നു. കുടുംബത്തിന്റെ ചുവരുകൾക്കുള്ളിൽ ഒതുങ്ങിയിരുന്ന സ്ത്രീകളെ ആദ്യം തൊഴിൽ സംരംഭകത്വത്തിലേക്കും പിന്നീട് തീരുമാന പ്രക്രിയകളിലേക്കും പൊതുനേതൃത്വത്തിലേക്കും കൈപിടിച്ചുയർത്തി. ഇന്ന് ത്രിതല പഞ്ചായത്തുകളിലെ അധികാര സ്ഥാനങ്ങളിലെത്തിയ വനിതകളിൽ നല്ലൊരു ശതമാനവും കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ കടന്നു വന്നവരാണ്. ഇത് അവർ കൈവരിച്ച രാഷ്ട്രീയ സാംസ്ക്കാരിക ശാക്തീകരണത്തിന്റെ തെളിവാണ്.

ഭാവി പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്നതിനൊപ്പം സഹജീവികൾക്ക് താങ്ങും തണലുമായും കുടുംബശ്രീ ഈ സമൂഹത്തിൽ നിലകൊള്ളുന്നു. സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ അയൽക്കൂട്ട വനിതകളെ മുന്നേറാൻ സഹായിച്ചും കേരളത്തിന്റെ വികസനകുതിപ്പുകൾക്ക് കരുത്തു പകർന്നും മുന്നേറുകയാണ് ഈ പെൺകരുത്തിന്റെ കൂട്ടായ്മ.

എം.ജെ. അലക്സ് റോയ്
അസി. കൃഷി ആഫീസർ, ഏലിക്കുളം



കർഷകർക്ക് കരുതലായ് ആനക്കല്ല് ഫാർമേഴ്സ് സൊസൈറ്റി

നമ്മുടെ നാടിന്റെയും സമ്പദ്വ്യവസ്ഥയുടെയും നട്ടെല്ലാണ് കൃഷി. എന്നാൽ ഇന്ന് ഭക്ഷ്യ ഉത്പാദകനായ കർഷകന് കൃഷി എന്നത് കടുത്ത പ്രതിസന്ധികളും നിരാശയും നിറഞ്ഞ ഒരു വഴിയായി മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ, ഉല്പന്നങ്ങൾക്ക് സ്ഥിരതയുള്ള വില ലഭിക്കാത്ത അവസ്ഥ, കുതിച്ചുയരുന്ന കൂലിച്ചെലവ്, പണിക്കാരെ കിട്ടാനില്ലാത്ത സാഹചര്യം എന്നിവ കർഷകനെ നിരന്തരം വേട്ടയാടുന്നു. വിത്തിനും വളത്തിനും മറ്റ് ഉല്പാദന ഉപാധികൾക്കും വില അനുദിനം വർദ്ധിക്കുമ്പോഴും, കഷ്ടപ്പെട്ട് ഉണ്ടാക്കിയ വിളവുമായി വിപണിയിലെത്തുന്ന കർഷകന് ന്യായമായ വിലയോ കൃത്യസമയത്ത് പണമോ ലഭിക്കുന്നില്ല. കൂടുംബാംഗങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും അർഹിക്കുന്ന പിന്തുണയോ നല്ല വാക്കുകളോ ലഭിക്കാതെ ധർമ്മസങ്കടത്തിലാകുന്ന കർഷകന് പ്രതീക്ഷയുടെ വെളിച്ചമേകുന്നത് കർഷകരുടെ തന്നെ കൂട്ടായ്മകളാണ്.

ആനക്കല്ല് ഫാർമേഴ്സ് സൊസൈറ്റിയുടെ ഉദയം

ഈ പശ്ചാത്തലത്തിലാണ് കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ആസ്ഥാനമായി പ്രവർത്തിക്കുന്ന ആനക്കല്ല് ഫാർമേഴ്സ് സൊസൈറ്റി (AFS) എന്ന മാതൃകാപരമായ കർഷക കൂട്ടായ്മയുടെ പ്രസക്തി ഏറുന്നത്. 2022-ലാണ് എ.എഫ്.എസ്. രൂപീകൃത മാകുന്നത്. വിത്തു പാകുന്നത് മുതൽ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നത് വരെ കർഷകനൊപ്പം ഒരു നല്ല സുഹൃത്തായി നിലകൊള്ളുക എന്നതാണ് ഈ സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. കർഷകരുടെ





നിരന്തരമായ കൂടിച്ചേരലുകൾ, കൃഷിയിട സന്ദർശനങ്ങൾ, കൃഷിപാഠ പരമ്പരകൾ, നടീൽ വസ്തുക്കളുടെയും അറിവുകളുടെയും പങ്കുവെക്കലുകൾ, സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവര ശേഖരണവും വിതരണവും തുടങ്ങി സമഗ്രമായ പ്രവർത്തനങ്ങളിലൂടെ കർഷകർക്ക് ഊർജ്ജം പകരാൻ സൊസൈറ്റിക്ക് സാധിക്കുന്നു.

'വിളവിനൊപ്പം വിപണിയിലെ കരുതൽ' എന്നതാണ് സൊസൈറ്റിയുടെ പ്രധാന ആപ്തവാക്യം.

മാറുന്ന കാർഷിക സംസ്കാരവും കർഷകപക്ഷ വിപണിയും

കേരളത്തിന്റെ റബ്ബർ തലസ്ഥാനമെന്ന് അറിയപ്പെട്ടിരുന്ന കാഞ്ഞിരപ്പള്ളിയിൽ ഇന്നുണ്ടാകുന്ന കാർഷിക മാറ്റങ്ങൾ ശ്രദ്ധേയമാണ്. റബ്ബർ കൃഷിയിൽ നിന്ന് മാറി പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഭക്ഷ്യവിളകൾ, ചെറുകിട ഡയറി ഫാമുകൾ, ഇറച്ചിക്കോഴി വളർത്തൽ തുടങ്ങിയ മേഖലകളിലേക്ക് കർഷകർ ചുവടുമാറുകയാണ്. എന്നാൽ ഉത്പാദനം വർദ്ധിച്ചതോടെ ഇടനിലക്കാരുടെ കടന്നുവരവും ചൂഷണവും വീണ്ടും ഒരു വെല്ലുവിളിയായി മാറി. കർഷകരുടെ കാര്യങ്ങൾ തീരുമാനിക്കേണ്ടത് കർഷകർ തന്നെയാണെന്ന തിരിച്ചറിവാണ് 'കർഷകപക്ഷ വിപണി' എന്ന ആശയം പ്രാവർത്തികമാക്കാൻ സൊസൈറ്റിയെ നയിച്ചത്.

ഇതിന്റെ ഭാഗമായി 2024-ൽ 'ആനക്കല്ല് ഫാർമേഴ്സ് സൂപ്പർമാർക്കറ്റ്' എന്ന സമ്പൂർണ്ണ കർഷക വിപണി യാഥാർത്ഥ്യമായി.

- കാർഷികോപാധികൾ: പച്ചക്കറി വിത്തുകൾ, തൈകൾ, നാട്ടിലെ കർഷകരിൽ നിന്നും ശേഖരിക്കുന്ന സമ്പുഷ്ടീകരിച്ച ചാണകപ്പൊടി, മണ്ണിരക്കമ്പോസ്റ്റ് എന്നിവ എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്ന പാക്കറ്റുകളിൽ ഇവിടെ ലഭ്യമാക്കിയിരിക്കുന്നു.
- കാർഷികോത്പന്നങ്ങൾ: നാടൻ പച്ചക്കറികൾ, മുട്ട, കിഴങ്ങുവർഗ്ഗങ്ങളായ ചേന, ചേമ്പ്, മരച്ചീനി, വളർത്തുമീൻ, വാഴക്കുലകൾ, നാടൻ പഴങ്ങൾ, വെളിച്ചെണ്ണ, കോഴിയിറച്ചി എന്നിവ നേരിട്ട് വിപണനം ചെയ്യുന്നു.
- മൂല്യവർദ്ധിത ഉത്പന്നങ്ങൾ: പ്രാദേശികമായി നിർമ്മിക്കുന്ന അച്ചാറുകൾക്കും ചക്ക, ചേന, മരച്ചീനി തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കും ഇവിടെ കൃത്യമായ ഇടമുണ്ട്.

നേതൃത്വവും സംഘാടനവും

ജോളി മടുക്കക്കുഴി (രക്ഷാധികാരി), ജോസഫ് മാത്യു പടിഞ്ഞാറേമുറിയിൽ (പ്രസിഡന്റ്), കെ.ആർ. സന്തോഷ് (സെക്രട്ടറി), മനോജ് കപ്പലുമാക്കൽ (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിലുള്ള പതിനൊന്ന് അംഗ ഭരണസമിതിയാണ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. വിപണിയിലെ ലാഭവിഹിതം ചെലവുകൾ കഴിച്ച് അംഗങ്ങളായ കർഷകർക്ക് പങ്കുവെച്ചു നൽകുന്ന സുതാര്യമായ രീതിയാണ് ഇവർ പിന്തുടരുന്നത്.

കാഞ്ഞിരപ്പള്ളി-പാറത്തോട് ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനമെങ്കിലും കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ ജൈവകർഷകരുടെ ഉത്പന്നങ്ങളും ഈ സൂപ്പർമാർക്കറ്റിലൂടെ ജനങ്ങളിലേക്ക് എത്തുന്നു. വിപണിയിലെത്തുന്ന കർഷകനും ഉപഭോക്താവിനും പരസ്പരം സംഭാഷണത്തിലേർപ്പെടാനും വിശ്രമിക്കാനും (Refresh dynamic) സൗകര്യമൊരുക്കിയിട്ടുണ്ടെന്നതും സൊസൈറ്റിയുടെ വേറിട്ട കാഴ്ചപ്പാടാണ്. കർഷകനെ കേവലം ഉത്പാദകനായി മാത്രം കാണാതെ, അവന്റെ അധ്വാനത്തിന് അർഹമായ മൂല്യം ഉറപ്പാക്കുകയും വിപണിയിൽ സുരക്ഷിതത്വം നൽകുകയും ചെയ്യുന്ന ആനക്കല്ല് ഫാർമേഴ്സ് സൊസൈറ്റി, കേരളത്തിലെമ്പാടുമുള്ള കാർഷിക കൂട്ടായ്മകൾക്ക് അനുകരിക്കാവുന്ന മികച്ച ഒരു മാതൃകയാണ്. { ആവശ്യക്കാർ വിളിക്കുക. ഫോൺ: 9961039529}

മാതൃകയായി കരീപ്ര ജലസേചന പദ്ധതി

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്ത് ഉളവുകോട് വാർഡിലെ ഉപേക്ഷിക്കപ്പെട്ട കൂറ്റൻ ക്വാറിയിലെ വെള്ളം ഉപയോഗിച്ച് നടപ്പിലാക്കിയ ജലസേചന പദ്ധതി, പരിസ്ഥിതി സൗഹൃദപരമായ ഇടപെടലുകൾക്ക് മികച്ച മാതൃകയാണ്. ഒരു കാലത്ത് അപകടസാധ്യത നിറഞ്ഞതായിരുന്ന ക്വാറിയെ, പുനരുപയോഗ ഊർജ്ജവും ശാസ്ത്രീയ സാങ്കേതികവിദ്യയും ഉപയോഗിച്ച് ഒരു വലിയ ജലസ്രോതസ്സാക്കി മാറ്റി പ്രദേശത്തെ കാർഷിക മേഖലയ്ക്കും ഭൂഗർഭജല സംരക്ഷണത്തിനും ജീവൻ പകരുകയാണ് ഈ പദ്ധതിയിലൂടെ ചെയ്തത്.

1,800 ഹെക്ടറിലധികം കൃഷിഭൂമിയുള്ള കരീപ്ര, കൊല്ലം ജില്ലയിലെ പ്രധാന നെൽകൃഷി മേഖലകളിലൊന്നാണ്. എങ്കിലും ജനുവരി മുതൽ മേയ് വരെയുള്ള വേനൽക്കാലത്ത് ഇവിടെ കടുത്ത ജലക്ഷാമം അനുഭവപ്പെട്ടിരുന്നു.

അതേസമയം, ഉളവുകോട് വാർഡിൽ കിടന്നിരുന്ന ഏകദേശം 20 ഏക്കറോളം വരുന്ന കൂറ്റൻ പാറമടയിൽ (ക്വാറി) ധാരാളം ശുദ്ധജലം കെട്ടിക്കിടന്നിരുന്നു. ഇത്തരം ഉപേക്ഷിക്കപ്പെട്ട ക്വാറികൾ സാധാരണയായി അപകടങ്ങൾക്ക് വഴിവെക്കാറുണ്ടെങ്കിലും, മഴവെള്ളം സമൃദ്ധമായി സംഭരിക്കപ്പെട്ടിരിക്കുന്ന ഈ ജലാശയത്തെ കാർഷികാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കരീപ്ര ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയായിരുന്നു.

നവകേരളം കർമ്മപദ്ധതിക്ക് (ഹരിതകേരളം മിഷൻ) കീഴിൽ വിവിധ സർക്കാർ ഏജൻസികളുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്:

- ശാസ്ത്രീയ പഠനം: സ്റ്റേറ്റ് ഹൈഡ്രോഗ്രാഫിക് ഡിവിഷൻ ക്വാറിയുടെ ആഴം, ജലശേഖരണ ശേഷി, ഘടന എന്നിവ മനസ്സിലാക്കുന്നതിനായി 'ബാത്തിമെട്രിക് സർവേ' (Bathymetric Survey) നടത്തി.
- സൗരോർജ്ജ പമ്പിംഗ്: അനെർട്ടിന്റെ (ANERT) സഹകരണത്തോടെ ഉയർന്ന ശേഷിയുള്ള സോളാർ പവർ പ്ലാന്റും സോളാർ പമ്പുകളും സ്ഥാപിച്ചു.
- വിതരണ ശൃംഖല: ക്വാറിയിൽ നിന്ന് പമ്പ് ചെയ്യുന്ന വെള്ളം പ്രധാന കനാലുകളിലേക്കും സമീപത്തെ കുളങ്ങളിലേക്കും എത്തിച്ച്, അവിടെ നിന്ന് കൃഷിയിടങ്ങളിലേക്ക് വിതരണം ചെയ്യുന്നു.
- പരിസ്ഥിതി സൗഹൃദ ഊർജ്ജം: 100% സൗരോർജ്ജത്തിലാണ് ഈ സിസ്റ്റം പ്രവർത്തിക്കുന്നത്. പമ്പിംഗിന് ശേഷം മിച്ചം വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി (KSEB) ഗ്രിഡിലേക്ക് നൽകുകയും ചെയ്യുന്നു.




ഒരു നോട്ടത്തിൽ

വിവരങ്ങൾ	വിശദാംശങ്ങൾ
സ്ഥലം	ഉളവുകോട് വാർഡ്, കരീപ്ര ഗ്രാമപഞ്ചായത്ത്, കൊല്ലം
കാറിയുടെ വിസ്തൃതി	20 ഏക്കർ
ഗുണഭോക്തൃ വാർഡുകൾ	ഉളവുകോട്, വാക്കനാട്, നെടുമൺകാവ്, കുടിക്കോട്, ഏറ്റുവായ്ക്കോട്
പ്രധാന പങ്കാളികൾ	ഹരിതകേരളം മിഷൻ, അനെർട്ട്, ജലസേചന വകുപ്പ്, KSEB, തൊഴിലുറപ്പ് പദ്ധതി
ഊർജ്ജ സ്രോതസ്സ്	ഗ്രിഡ് അധിഷ്ഠിത സോളാർ പി.വി സിസ്റ്റം

പ്രധാന നേട്ടങ്ങൾ

1. കാർഷിക പുനരുജ്ജീവനം: പദ്ധതിയിലൂടെ 400 ഏക്കറിലധികം കൃഷിഭൂമിയിലേക്ക് ആവശ്യത്തിന് വെള്ളമെത്തിക്കാനും, 250-ലധികം കർഷക കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാനും സാധിച്ചു. വേനൽക്കാലത്ത് ഉണങ്ങിപ്പോകുമായിരുന്ന 40 ഏക്കർ നെൽവയലുകളിൽ ഇപ്പോൾ തടസ്സമില്ലാതെ കൃഷി നടക്കുന്നു.
2. ഭൂഗർഭജല പുനഃസ്ഥാപനം: കനാലുകളിലൂടെയും കുളങ്ങളിലൂടെയും തുടർച്ചയായി വെള്ളം ഒഴുകുന്നതിനാൽ പ്രദേശത്തെ കിണറുകളിലെ ജലനിരപ്പ് ഉയരുകയും കുടിവെള്ളക്ഷാമത്തിന് വലിയ പരിഹാരമാവുകയും ചെയ്തു.
3. അപകടസാധ്യത ഒഴിവാക്കൽ: വലിയ അപകട ഭീഷണിയായിരുന്ന ആഴമേറിയ കാറിയെ സുരക്ഷിതമായ ഒരു ജലസംഭരണിയാക്കി മാറ്റി.
4. സംസ്ഥാനതല മാതൃക: 'കരീപ്ര മാതൃക' എന്ന പേരിൽ പ്രശസ്തമായ ഈ പദ്ധതിയെ അടിസ്ഥാനമാക്കി, സംസ്ഥാനത്തൊട്ടാകെയുള്ള മുന്നൂറോളം ഉപേക്ഷിക്കപ്പെട്ട കാറികളിൽ സമാനമായ ജലസേചന പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ആലോചിച്ചുവരുന്നു.

തയ്യാറാക്കിയത്: **പുഷ്പ സി.കെ.,**
വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, കരീപ്ര



സന്തോഷ് കുമാർ ജി.
അസിസ്റ്റന്റ് സെക്രട്ടറി ,
ചെമ്പിലോട് ഗ്രാമ പഞ്ചായത്ത്



ഗ്രാമസഭയെ ജനകീയോത്സവമാക്കിയ

ചെമ്പിലോടിന് ദേശീയ അംഗീകാരം

ഗ്രാമസഭയുടെ നടത്തിപ്പിലും ജനപങ്കാളിത്തത്തിലും ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് കൈവരിച്ച മികവിന് ദേശീയ അംഗീകാരം. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ 2026-ലെ ദേശീയ പഠന റിപ്പോർട്ടിലാണ് രാജ്യത്തെ മറ്റു പഞ്ചായത്തുകൾക്ക് പരിചയപ്പെടുത്തേണ്ട മികച്ച മാതൃകകളിലൊന്നായി ചെമ്പിലോട് ഇടം പിടിച്ചത്. രാജ്യത്തെ എട്ട് പഞ്ചായത്തുകളെയാണ് ഗ്രാമസഭാ നടത്തിപ്പിന്റെ മാതൃകകളായി റിപ്പോർട്ട് എടുത്തുപറയുന്നത്; അതിൽ ആദ്യത്തേതാണ് ചെമ്പിലോട്. കുടുംബശ്രീ വഴിയുള്ള വിവരവിനിമയം, വിഷയാധിഷ്ഠിത ഗ്രാമസഭകൾ, സുതാര്യമായ തീരുമാനങ്ങൾ, ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമത, ചർച്ചയിൽ നിന്ന് ആസൂത്രണത്തിലേക്കും നടപ്പാക്കലിലേക്കുമുള്ള തുടർച്ച എന്നിവയാണ് ചെമ്പിലോടിനെ വേറിട്ടുനിർത്തുന്ന ഘടകങ്ങളായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്.



ഷൈജ വി.പി.
പ്രസിഡന്റ്

തീയതിയും അജണ്ടയും മുൻകൂട്ടി മുഴുവൻ വോട്ടർമാരെയും അറിയിച്ചുവെന്ന് ഉറപ്പുവരുത്തിയാണ് ഗ്രാമസഭ ചേരുന്നത്. നേരിട്ടുള്ള ക്ഷണത്തിനൊപ്പം ഓൺലൈൻ സംവിധാനങ്ങളും ഉപ



ദമോദരൻ കെ.
മുൻ പ്രസിഡന്റ്

യോഗിക്കുന്നു. ഗ്രാമസഭയെ വിവിധ പരിപാടികളോടു കൂടിയ ഗ്രാമോത്സവമാക്കി മാറ്റാറുണ്ടെന്ന് മുൻ പഞ്ചായത്ത് പ്രസിഡന്റ് ദാമോദരൻ കെ പറയുന്നു. കുട്ടികളും വിദ്യാർഥികളും മുതിർന്നവരും ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ളവർ ഗ്രാമസഭയിലെത്തുന്നു. പ്രത്യേക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രത്യേക ഗ്രാമസഭകളും സംഘടിപ്പിക്കുന്നുണ്ട്. ഗ്രാമസഭകളിൽ

> **വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും സാമൂഹിക സന്നദ്ധ സംഘടനകളുടെയും കുടുംബശ്രീ സംവിധാനത്തിന്റെയും സഹായം ഗ്രാമസഭാ പങ്കാളിത്തം വർധിപ്പിക്കാൻ പരമാവധി പ്രയോജനപ്പെടുത്തുന്നുവെന്ന് പഞ്ചായത്ത് പ്രസിഡന്റ് ഷൈജ വി.പി. പറയുന്നു.**

> **വാർഡിലെ വോട്ടർമാരുടെ പത്ത് ശതമാനം പങ്കെടുത്താൽ കാര്യം തികയുമെങ്കിലും, അതിൽ ഒതുങ്ങുന്നതല്ല ചെമ്പിലോട്ടിലെ ലക്ഷ്യമെന്ന് നാലാം വാർഡ് അംഗം എം.വി. അനിൽകുമാർ വിശദമാക്കുന്നു.**

മന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖരെ പങ്കെടുപ്പിക്കുന്നതും യോഗത്തിന് കൂടുതൽ ഗൗരവം നൽകുന്നുവെന്ന് അദ്ദേഹം പറയുന്നു.

വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും സാമൂഹിക സന്നദ്ധ സംഘടനകളുടെയും കുടുംബശ്രീ സംവിധാനത്തിന്റെയും സഹായം ഗ്രാമസഭാ പങ്കാളിത്തം വർധിപ്പിക്കാൻ പരമാവധി പ്രയോജനപ്പെടുത്തുന്നുവെന്ന് പഞ്ചായത്ത് പ്രസിഡന്റ് ഷൈജ വി.പി. പറയുന്നു. ഓരോ ഗ്രാമസഭയിലും മുൻ യോഗത്തിലെ തീരുമാനങ്ങൾ എത്രത്തോളം നടപ്പായി എന്നത് പരിശോധിക്കാനും പുതിയ പദ്ധതികളെക്കുറിച്ച് തുറന്ന ചർച്ച നടത്താനും എല്ലാവർക്കും അവസരം ഉറപ്പാക്കുന്നുണ്ടെന്ന് ഷൈജ വ്യക്തമാക്കുന്നു.

വാർഡിലെ വോട്ടർമാരുടെ പത്ത് ശതമാനം പങ്കെടുത്താൽ കാര്യം തികയുമെങ്കിലും അതിൽ ഒതുങ്ങുന്നതല്ല ചെമ്പിലോട്ടിലെ ലക്ഷ്യമെന്ന് നാലാം വാർഡ് അംഗം എം.വി. അനിൽകുമാർ വിശദമാക്കുന്നു. വാർഡ് മെമ്പറും കോ-ഓഡിനേറ്ററും വീടുകളിലെത്തി ക്ഷണക്കത്ത് നൽകുന്നു. ഉദ്ഘാടന സെഷനു ശേഷം ഗ്രൂപ്പ് ചർച്ചകളും അവതരണങ്ങളും നടക്കുന്നു. ജാതി, മത, രാഷ്ട്രീയ ഭേദങ്ങൾക്കപ്പുറം വികസന പ്രശ്നങ്ങളെ കേന്ദ്രീകരിച്ചുള്ള ചർച്ചകളിൽനിന്നാണ് പദ്ധതികൾ രൂപപ്പെടുന്നത്. ചില ഗ്രാമസഭകൾ പൂർണദിവസം നീണ്ടുനിന്നിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു. ഉച്ചഭക്ഷണം, കലാപരിപാടികൾ, ലഘുഭക്ഷണം, ചായ തുടങ്ങിയവയും ഇതിനൊപ്പം ഒരുക്കുന്നു.

കേരളത്തിലെ ഗ്രാമസഭകൾ പൊതുവെ രാജ്യത്ത് മികച്ച ജനപങ്കാളിത്തമുള്ളവയാണെന്ന് കേന്ദ്ര പഠനം വ്യക്തമാക്കുന്നുണ്ട്. കേരളത്തിലെ ഗ്രാമസഭകളിൽ ക്ഷേമപദ്ധതികൾ, ശുചിത്വം, ആരോഗ്യം തുടങ്ങിയ വിഷയങ്ങളിലുള്ള ചർച്ചയും സ്ത്രീകളുടെ പങ്കാളിത്തവും ഉയർന്ന നിലയിലാണെന്നും റിപ്പോർട്ട് പറയുന്നു. കേരളത്തിന്റെ വികേന്ദ്രീകൃത ഭരണ സംവിധാനത്തിൽ ഗ്രാമസഭയ്ക്കുള്ള സാധ്യതകൾ എത്രത്തോളം വിപുലമാണെന്നതിന്റെ ഒരു പ്രായോഗിക മാതൃകയാണ് ചെമ്പിലോട്.



കോഡൂരിന്റെ 'മോണിംഗ് ലാബ്'

ഗ്രാമീണ ആരോഗ്യമേഖലയിൽ മാറ്റത്തിന്റെ വഴിതുറക്കുന്നു

പ്രമേഹബാധിതരായ ദശലക്ഷക്കണക്കിന് ആളുകൾക്ക് കൃത്യമായ പരിചരണവും നിരീക്ഷണവും ദൈനംദിന ജീവിതത്തിന്റെ ഭാഗമാണ്. കേരളത്തിലെ മുതിർന്നവരിൽ 20 ശതമാനത്തിലധികം ആളുകൾ പ്രമേഹരോഗികളാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. രോഗനിർണ്ണയത്തിനും ചികിത്സ തുടരുന്നതിനുമായി ഭക്ഷണത്തിന് മുമ്പും (Fasting) ഭക്ഷണത്തിന് ശേഷവും (Post-Prandial) രക്തത്തിലെ പഞ്ചസാരയുടെ അളവ് പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഗ്രാമപ്രദേശങ്ങളിലെ പ്രൈമറി/കുടുംബാരോഗ്യ കേന്ദ്രങ്ങളെ (PHC/FHC) ആശ്രയിക്കുന്ന സാധാരണക്കാർക്ക് ഈ പരിശോധനകൾ എന്നും വലിയൊരു ബാധ്യതയായിരുന്നു.

സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലെ ലാബുകൾ സാധാരണയായി വൈകി മാത്രം പ്രവർത്തനം ആരംഭിക്കുന്നതിനാൽ, ഗ്രാമീണ മേഖലയിലെ രോഗികൾക്ക് രണ്ട് വഴികളേ മുന്നിലുണ്ടായിരുന്നുള്ളൂ: ഒന്നുകിൽ ദൂരെയുള്ള സ്വകാര്യ ലാബുകളെ ആശ്രയിക്കുക, അല്ലെങ്കിൽ വീട്ടിൽ നിന്ന് ഭക്ഷണവും തയ്യാറാക്കിക്കൊണ്ട് മണിക്കൂറുകളോളം കാത്തിരിക്കുക. വയോജനങ്ങൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും ഈ ദൈനംദിന അലച്ചിൽ കടുത്ത ശാരീരിക-സാമ്പത്തിക ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു.

എന്നാൽ ഈ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുകയാണ് മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്ത്.

കോഡൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ മാതൃകാ പദ്ധതി

പൊതുജനാരോഗ്യ രംഗത്ത് പുതിയൊരു അധ്യായം കുറിച്ചുകൊണ്ട് കോഡൂർ ഗ്രാമപഞ്ചായത്ത് തങ്ങളുടെ കുടുംബാരോഗ്യ കേന്ദ്രത്തിൽ (FHC) ജില്ലയിലെ ആദ്യത്തെ 'മോണിംഗ് ലാബ്' ആരംഭിച്ചു. പ്രമേഹ രോഗികളുടെ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടറിഞ്ഞ് തയ്യാറാക്കിയ ഈ പദ്ധതി മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്തു.

കേവലം സമയമാറ്റത്തിനപ്പുറം, രോഗികളുടെ സൗകര്യം പൂർണ്ണമായും ഉറപ്പാക്കുന്ന സവിശേഷതകളാണ് ഈ പദ്ധതിയെ വേറിട്ടുനിർത്തുന്നത്:

- പ്രഭാത പരിശോധന:ലാബ് പ്രവർത്തനം രാവിലെ 7:00 മണിക്ക് തന്നെ ആരംഭിക്കുന്നു. ഇതുമൂലം വെറുംവയറ്റിലുള്ള പരിശോധനയ്ക്കായി രോഗികൾക്ക് മണിക്കൂറുകളോളം വിശന്നിരിക്കേണ്ടി വരുന്നില്ല.
- സൗജന്യ ലഘുഭക്ഷണം:ആദ്യത്തെ സാമ്പിൾ നൽകിയ ശേഷം രോഗികൾക്ക് കഴിക്കാനായിസൗജന്യമായി ചായയും ലഘുഭക്ഷണവുംലാബിൽ തന്നെ ലഭ്യമാക്കുന്നു. ഇതോടെ വീട്ടിൽ നിന്ന് ഭക്ഷണം കൊണ്ടുവരേണ്ട ബുദ്ധിമുട്ട് ഒഴിവാകുന്നു.
- സായാഹ്ന ഒ.പി:മോണിംഗ് ലാബിന് പുറമെ, വൈകുന്നേരങ്ങളിലും രോഗികൾക്ക് ഡോക്ടറുടെ സേവനം ഉറപ്പാക്കാൻ സായാഹ്ന ഒ.പി. (Evening OP) സൗകര്യവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമീണ ആരോഗ്യമേഖലയ്ക്ക് കരുതലിന്റെ തണൽ

സ്വകാര്യ ലാബുകളെ ആശ്രയിക്കുന്നത് ഒഴിവാക്കാൻ കഴിഞ്ഞതോടെ ഗ്രാമീണ മേഖലയിലെ നിർദ്ധനരായ രോഗികൾക്ക് വലിയൊരു സാമ്പത്തിക ആശ്വാസമാണ് ഈ പദ്ധതി നൽകുന്നത്.

പഞ്ചായത്ത് പ്രസിഡന്റ് സി.പി. ഷാജിയുടെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമച്ചിങ്ങൽ മുഹമ്മദ്സ്വാഗതവും മെഡിക്കൽ ഓഫീസർ ഇൻ ചാർജ് ഡോ. സുൽത്താൻ അയനിക്കുന്നൻ കൃതജ്ഞതയും രേഖപ്പെടുത്തി.

ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ, ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു നടപ്പിലാക്കുന്ന ഇത്തരം എളിയ ശ്രമങ്ങൾ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വലിയൊരു മാതൃകയാണ്.

തയ്യാറാക്കിയത്: **മച്ചേൽ മുഹമ്മദ്**





കമ്മ്യൂണിറ്റി ഡിജിറ്റൽ ലേണിംഗ് സ്പേസ് (CDLS)

താമരശ്ശേരി ഗ്രാമപഞ്ചായത്ത്

"ആയിരത്തിൽ അഞ്ചുപേർക്കെങ്കിലും തൊഴിൽ സൃഷ്ടിക്കുക" എന്ന സർക്കാർ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ, താമരശ്ശേരി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പ്രധാനപ്പെട്ട സംരംഭമാണ് കമ്മ്യൂണിറ്റി ഡിജിറ്റൽ ലേണിംഗ് സ്പേസ് (Community Digital Learning Space - CDLS). ഡിജിറ്റൽ സാങ്കേതികവിദ്യയുടെ അതിവേഗ വളർച്ചയോടൊപ്പം തൊഴിൽ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ കണക്കിലെടുത്ത്, താമരശ്ശേരിയിലെയും പരിസര പ്രദേശങ്ങളിലെയും യുവജനങ്ങൾക്ക് പുതിയ കാലഘട്ടത്തിലെ ഡിജിറ്റൽ തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും ആവശ്യമായ നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിനും തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു പൊതുവേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചത്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ (KSUM) LEAP പദ്ധതിയുമായി സഹകരിച്ച് കോവർക്കിങ് സ്പേസ് എന്ന നിലയിലും CDLS പ്രവർത്തിക്കുന്നു. വലിയ സാമ്പത്തിക ബാധ്യതകളില്ലാതെ ആധുനിക തൊഴിൽ സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന Affordable Workspace എന്ന ആശയം മുൻനിർത്തി, പ്രത്യേകിച്ച് IT, Digital, Remote Work, Freelancing തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്കും അനുയോജ്യമായ തൊഴിൽ അന്തരീക്ഷം ഒരുക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

താമരശ്ശേരി പഴയ ബസ് സ്റ്റാൻഡിലെ രാജീവ്



ഗാന്ധി ഓഡിറ്റോറിയം കെട്ടിടത്തിലാണ് CDLS പ്രവർത്തിക്കുന്നത്. 2025 ഒക്ടോബർ 28 ന് ബഹുമാനപ്പെട്ട കോഴിക്കോട് ലോക്സഭാ എം.പി. ശ്രീ. എം. കെ. രാഘവൻ CDLS ന്റെ ഉദ്ഘാടനം നിർവഹിച്ചു. ഡിജിറ്റൽ തൊഴിൽ മേഖലയിൽ പുതിയ അവസരങ്ങൾ കണ്ടെത്തുന്നതിനും യുവജനങ്ങളെ ഭാവിയിലെ തൊഴിൽ സാധ്യതകൾക്കായി സജ്ജരാക്കുന്നതിനുമുള്ള താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധേയമായ ഇടപെടലായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വൈഫൈ, LAN Connectivity, CCTV, Reliable Power Supply, Meeting Room, Controlled Access, LED Display തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. ഡിജിറ്റൽ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്കും സ്റ്റാർട്ടപ്പുകൾക്കും വിദ്യാർത്ഥികൾക്കും പരിശീലനാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുത്താവുന്ന രീതിയിലാണ് ഈ സൗകര്യങ്ങൾ സജ്ജീകരിച്ചിരിക്കുന്നത്.

CDLS ഒരു കോവർക്കിങ് സ്പേസ് എന്നതിലുപരി ഒരു Learning Space ആയും പ്രവർത്തിക്കുന്നു. താമരശ്ശേരിയിലെയും പരിസര പ്രദേശങ്ങളിലെയും അഭ്യസ്തവിദ്യരും IT, Digital, Remote Work തുടങ്ങിയ മേഖലകളിൽ താൽപ്പര്യമുള്ള യുവജനങ്ങൾക്കും പുതിയ തൊഴിൽ മേഖലകളെ പരിചയപ്പെടുന്നതിനും പുതിയ കാര്യങ്ങൾ പഠിക്കുന്നതിനും പരിശീലനം നേടുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകളുമായി ആശയവിനിമയം നടത്തുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും CDLS അവസരമൊരുക്കുന്നു. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന Tinkerhub Foundation-ന്റെ Community Learning മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് CDLS-ന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. അറിവ് പങ്കിടൽ, കൂട്ടായ പഠനം, പ്രായോഗിക പരിശീലനം, സാങ്കേതികവിദ്യയുടെ പ്രയോജനം, നവീകരണം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന രീതിയിലാണ് ഇതിന്റെ പ്രവർത്തനം.





"തൊഴിൽ അന്വേഷിക്കുന്ന യുവതലമുറയെ തൊഴിൽ സൃഷ്ടിക്കുന്നവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് താമരശ്ശേരി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഡിജിറ്റൽ ലേണിംഗ് സ്പേസ് (CDLS) ആരംഭിച്ചിരിക്കുന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യയും പുതിയ തൊഴിൽ സാധ്യതകളും നമ്മുടെ ഗ്രാമീണ മേഖലയിലെ യുവജനങ്ങളിലേക്കും എത്തിക്കുന്നതിനൊപ്പം, പഠനം, പരിശീലനം, സംരംഭകത്വം, ആശയവിനിമയം എന്നിവയ്ക്കുള്ള ഒരു പൊതുവേദിയായി CDLS മാറുകയാണ്. ആധുനിക ഡിജിറ്റൽ തൊഴിൽ മേഖലകളിൽ ആവശ്യമായ നൈപുണ്യങ്ങൾ നേടിയെടുക്കാനും സ്വന്തം ആശയങ്ങളെ സംരംഭങ്ങളാക്കി മാറ്റാനും യുവജനങ്ങൾക്ക് അവസരം ഒരുക്കുക എന്നതാണ് ഈ സംരംഭത്തിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നത്. താമരശ്ശേരിയുടെ യുവതലമുറയുടെ കഴിവുകളെയും ആശയങ്ങളെയും പുതിയ അവസരങ്ങളുമായി ബന്ധിപ്പിക്കുന്ന ഒരു ഡിജിറ്റൽ ഹബ്ബായി CDLS വളരുമെന്ന് പ്രതീക്ഷിക്കുന്നു."

റസീല സിയാലി
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, താമരശ്ശേരി ഗ്രാമപഞ്ചായത്ത്

ഡിജിറ്റൽ തൊഴിൽ മേഖലയിൽ ആവശ്യമായ വിവിധ നൈപുണ്യങ്ങൾ പ്രാദേശിക യുവജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും CDLS പ്രധാന പങ്കുവഹിക്കുന്നു. Designing, Content Writing, Remote Support Jobs, Accounting and Administration, Web Development തുടങ്ങിയ മേഖലകളിൽ പരിശീലനം നേടുന്നതിനുള്ള അവസരങ്ങൾ ഇവിടെ ഒരുക്കാൻ സാധിക്കും. കൂടാതെ Artificial Intelligence, Digital Marketing, Freelancing, Online Collaboration തുടങ്ങിയ പുതിയ കാലഘട്ടത്തിലെ തൊഴിൽ മേഖലകളെ പരിചയപ്പെടുത്തുന്നതിനും വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. പരിശീലന പരിപാടികൾ, വർക്ക്ഷോപ്പുകൾ, Community Meetings, Group Discussions, Knowledge Sharing Sessions, Technical Sessions തുടങ്ങിയവയ്ക്കായി CDLS മുൻകൂട്ടി ബുക്ക് ചെയ്ത് ഉപയോഗപ്പെടുത്താനും സാധിക്കും. ഇതുവഴി പ്രാദേശിക തലത്തിൽ ഡിജിറ്റൽ പഠനത്തിന്റെയും തൊഴിൽ നൈപുണ്യ വികസനത്തിന്റെയും കൂട്ടായ പ്രവർത്തനങ്ങളുടെയും ഒരു കേന്ദ്രമായി CDLS-നെ വികസിപ്പിക്കുകയാണ് ലക്ഷ്യം.

ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി Artificial Intelligence ഉപയോഗിച്ചുള്ള Web Development - Beginner Level പരിശീലന സെഷൻ, Arduino അടിസ്ഥാനമാക്കിയുള്ള Hardware Projects സംബന്ധിച്ച ഏകദിന വർക്ക്ഷോപ്പ്, Hackathon തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. സാങ്കേതിക വിദ്യയെക്കുറിച്ചുള്ള അറിവ് നൽകുന്നതോടൊപ്പം പ്രായോഗികമായി അവ ഉപയോഗപ്പെടുത്തുന്നതിനും പുതിയ ആശയങ്ങൾ വികസിപ്പിക്കുന്നതിനും യുവജനങ്ങളെ പ്രാപ്തരാക്കുക എന്നതാണ് ഇത്തരം പരിപാടികളുടെ ലക്ഷ്യം. നിലവിൽ Mash Magic എന്ന Online Mentorship and Learning Platform, AI Tech Startup ആയ Note AI എന്നിവ CDLS-ലെ കോവർക്കിങ് സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെയും പ്രൊഫഷണലുകളുടെയും സാന്നിധ്യം പ്രാദേശിക യുവജനങ്ങൾക്ക് ഡിജിറ്റൽ തൊഴിൽ മേഖലകളെ അടുത്തറിയുന്നതിനും സ്റ്റാർട്ടപ്പ് പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും പുതിയ തൊഴിൽ-സംരംഭകത്വ സാധ്യതകൾ കണ്ടെത്തുന്നതിനും സഹായകരമാണ്.

ഭാവിയിൽ കൂടുതൽ സ്റ്റാർട്ടപ്പുകളെയും ഡിജിറ്റൽ പ്രൊഫഷണലുകളെയും CDLS-ലേക്ക് ആകർഷിക്കുകയും വിവിധ മേഖലകളിൽ വിദഗ്ധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും യുവജനങ്ങൾക്ക് തൊഴിൽ കേന്ദ്രീകൃതമായ ഡിജിറ്റൽ നൈപുണ്യങ്ങൾ നൽകുകയും ചെയ്യുകയാണ് ലക്ഷ്യം. ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് വലിയ നഗരങ്ങളിലേക്ക് മാറാതെ തന്നെ ആധുനിക ഡിജിറ്റൽ തൊഴിൽ സാധ്യതകളുമായി ബന്ധപ്പെടുന്നതിനുള്ള അവസരം ഒരുക്കുന്നതിലൂടെ പ്രാദേശിക തലത്തിൽ പുതിയ തൊഴിൽ സംസ്കാരം രൂപപ്പെടുത്താനും സംരംഭകത്വം പ്രോത്സാഹിപ്പിക്കാനും CDLS-ന് സാധിക്കും. "തൊഴിൽ തേടുന്നവരിൽ നിന്ന് തൊഴിൽ സൃഷ്ടിക്കുന്നവരിലേക്ക്" യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന വിശാലമായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന CDLS, താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഡിജിറ്റൽ തൊഴിൽ-നൈപുണ്യ വികസന രംഗത്തെ ശ്രദ്ധേയമായ ഒരു ചുവടുവയ്പ്പായി മാറുകയാണ്.







ലഹരിക്കെതിരെ ജനകീയ പ്രതിരോധം: എക്സൈസ്–തദ്ദേശ വകുപ്പുകളുടെ സംയുക്ത മുന്നേറ്റം

മയക്കുമരുന്നിന്റെയും ലഹരി വസ്തുക്കളുടെയും വിപത്തിൽ നിന്ന് നാടിനെയും വരുംതലമുറയെയും രക്ഷിക്കാൻ ശക്തമായ സംയുക്ത പോരാട്ടവുമായി സംസ്ഥാന എക്സൈസ് വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും (LSGD). 'ഓപ്പറേഷൻ തൂഫാൻ' ഉൾപ്പെടെയുള്ള കർശന പരിശോധനകൾക്കൊപ്പം മയക്കുമരുന്നിനെതിരെയുള്ള പ്രതിരോധം പൂർണ്ണമായും ജനകീയമാക്കുകയാണ് സർക്കാർ. നാടിന്റെ ഓരോ കോണിലും ലഹരിവിരുദ്ധ ജാഗ്രത ഉറപ്പുവരുത്തി, നാളത്തെ തലമുറയുടെ ഭാവി ഭദ്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മുന്നേറ്റം.

ജനകീയ ജാഗ്രതാ സമിതികളും വോളണ്ടിയർ ശൃംഖലയും

സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി പ്രാദേശിക തലത്തിൽ വമ്പിച്ച പ്രതിരോധ ശൃംഖലയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കെട്ടിപ്പടുത്തിരിക്കുന്നത്:

- വാർഡ്തല ജാഗ്രത: സംസ്ഥാനത്താകെ 21,000-ത്തിലധികം വാർഡ്തല ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ആദ്യഘട്ടത്തിൽ 3,012 സമിതികളെ കൂടുതൽ ശാക്തീകരിക്കുകയും ചെയ്തു.
- തണ്ടർ വോളണ്ടിയേഴ്സ്: ഓരോ വാർഡിലും പ്രത്യേക പരിശീലനം ലഭിച്ച പത്തിലധികം ലഹരിവിരുദ്ധ സന്നദ്ധ പ്രവർത്തകർ വീതമുള്ള 50,000 അംഗ 'തണ്ടർ വോളണ്ടിയർ' ശൃംഖല സജ്ജമായിക്കഴിഞ്ഞു.
- ജനകീയ പങ്കാളിത്തം: റസിഡന്റ്സ് അസോസിയേഷനുകളെയും പ്രാദേശിക കൂട്ടായ്മകളെയും സജീവമായി പങ്കാളികളാക്കിയാണ് ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നത്.

സേവനങ്ങളും വിവരശേഖരണവും

നാട്ടിൽ ലഹരി വിപണനമോ ഉപയോഗമോ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് വിവരങ്ങളും പരാതികളും രഹസ്യമായി ഈ ജനജാഗ്രതാ സമിതികൾക്ക് കൈമാറാം. കൂടാതെ, ലഹരിക്ക് അടിമപ്പെട്ടവർക്ക് കൃത്യമായ കൗൺസിലിംഗും ഡി-അഡിക്ഷൻ ചികിത്സയും ഉറപ്പാക്കാൻ 138 RELACS (റിഹാബിലിറ്റേഷൻ ആൻഡ് കൗൺസിലിംഗ്) കേന്ദ്രങ്ങളുടെ സേവനവും സജ്ജമാക്കിയിട്ടുണ്ട്.

ലഹരിക്കെതിരായ ഓരോ ചുവടും ഒരു തലമുറയുടെ സുരക്ഷിതമായ ഭാവിയിലേക്കുള്ള ചുവടുവെപ്പാണ്. ജനകീയ പങ്കാളിത്തത്തോടെയുള്ള ഈ പ്രതിരോധ പ്രവർത്തനം കേരളത്തെ പൂർണ്ണമായും ലഹരിമുക്തമാക്കുമെന്ന ഉറച്ച പ്രതീക്ഷയിലാണ് നാട്.



THADDESAKAM (MONTHLY) AUGUST 2026
₹30 Annual Subscription ₹300, Published on AUGUST 2026
RNI No. KERMAL/2023/89208
Press Registrar General of India Dated 16/12/2024

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

9446700800

മാലിന്യം വലിച്ചെറിയുന്നത് തെളിവുകളോടെ റിപ്പോർട്ട് ചെയ്യൂ...

ചുമത്തുന്ന പിഴയുടെ നാലിലൊന്ന് പാരിതോഷികം



Printed & published and Owned by Dr. Divya S. Iyer I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.